# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഏപ്രിൽ 25 | ദീപം 57 | നാളം 7 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org




# കർഷകരുടെ കഷ്ടകാലത്തിന് അറുതിയില്ലേ?




വി.സി. സെബാസ്റ്റ്യൻ


വേനൽച്ചൂടിനൊപ്പം രാജ്യം തിരഞ്ഞെടുപ്പിന്റെ ചൂടിലുമാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യഭരണസംവിധാനമുള്ള രാജ്യം പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നു. അടുത്ത അഞ്ചുവർഷത്തേക്ക് ഇന്ത്യ ആരു ഭരിക്കണമെന്നുള്ള ജനങ്ങളുടെ തീരുമാനം വോട്ടായിമാറുമ്പോൾ പ്രതീക്ഷകളേറെ. ദേശീയ, പ്രാദേശിക പാർട്ടികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചും അടിച്ചേല്പിച്ചും കാലങ്ങളായിത്തുടരുന്ന രാഷ്ട്രീയനാടകം വീണ്ടും ആവർത്തിക്കുന്നു. ചേരിതിരിവുകളും കൂറുമാറ്റങ്ങളും രാഷ്ട്രീയപകപോക്കലുകളും നിത്യസംഭവങ്ങളായിരിക്കുമ്പോൾ പ്രതികരണശേഷി നഷ്ടപ്പെട്ട പൗരന്മാർ ഇവയൊന്നും മുഖവിലയ്ക്കെടുക്കാതെ ഒളിച്ചോട്ടം തുടരുന്നു.

### കർഷകർ സ്ഥിരനിക്ഷേപമല്ല

അസംഘടിതകർഷകർ രാഷ്ട്രീയനേതൃത്വങ്ങൾ അടിച്ചേല്പിക്കുന്ന സ്ഥാനാർഥികൾക്ക് വോട്ടുചെയ്യാനുള്ള ഗതികേടിൽ എക്കാലത്തെയുംപോലെ വീണ്ടും ചെന്നെത്തിയിരിക്കുന്നു. കർഷകരെ സ്ഥിരനിക്ഷേപമാക്കി നേട്ടമുണ്ടാക്കിയ രാഷ്ട്രീയനേതൃത്വങ്ങളോട് കർഷകന് എന്തു നേടിത്തന്നുവെന്ന് ഈ തിരഞ്ഞെടുപ്പുവേളയിലെങ്കിലും നെഞ്ചുനിവർത്തിനിന്ന് വിരൽചൂണ്ടി ചോദിക്കാൻ മടിക്കുന്നതെന്ത്? ജീവനും ജീവിതത്തിനും നിരന്തരം വെല്ലുവിളിയുയരുമ്പോഴും കർഷകരെയും കാർഷികമേഖലയെയും നടുക്കടലിലേക്കു തള്ളിവിട്ടവർക്കെതിരേ പ്രതികരിക്കാതെ ഓടിയൊളിക്കാൻ കൈവെള്ളയിൽമാത്രമല്ല ഹൃദയത്തിലും തഴമ്പുള്ളവർക്കാകുമോ? ഇവിടെയാണ് കാർഷികമേഖല അനുദിനം നേരിടുന്ന സങ്കീർണങ്ങളായ പ്രശ്നങ്ങളുടെ കെട്ടഴിയുന്നത്. ആരെയും എതിർത്തു തോല്പിക്കാനോ അടച്ചാക്ഷേപിക്കാനോ ശ്രമിക്കാതെ, കൺമുമ്പിൽ കാണുന്ന നീതിനിഷേധങ്ങളും കടന്നാക്രമങ്ങളും കർഷകദ്രോഹങ്ങളും അക്കമിട്ട് അവതരിപ്പിക്കുന്നത് പിറന്നുവീണ മണ്ണിൽ ജീവിക്കാനുള്ള കർഷകന്റെ അവകാശവും ആഗ്രഹവും ഒന്നുകൊണ്ടു മാത്രമാണ്.

### ദരിദ്രരായ കർഷകർ

സംഘടിതവർഗത്തിന്റെ ചൂഷണത്തിനും അധികാരവർഗത്തിന്റെ നിഷേധനിലപാടുകൾക്കും ഇരയായി അസമത്വത്തിന്റെ നീർക്കയത്തിലേക്കു കർഷകനെ തള്ളിവിട്ടതിന്റെ ഉത്തരവാദിത്വത്തിൽ നിന്നു നാടുഭരിച്ചവർക്കും ജനപ്രതിനിധികൾക്കും ഒഴിഞ്ഞുമാറാനാവില്ല. 1968 മുതൽ 2023 വരെയുള്ള 55 വർഷക്കാലമെടുത്താൽ കാർഷികവിളകൾക്കുണ്ടായ വിലവർധന 19 ഇരട്ടിയെങ്കിൽ സംഘടിത ഉദ്യോഗസ്ഥരുടെ ശമ്പളവർധന 436 ഇരട്ടി. 1960 കളിൽ കാർഷികവ്യത്തിയിലൂടെ സാമ്പത്തികനേട്ടമുണ്ടാക്കി കൃഷിയുടെ അന്തസ്സും മാന്യതയും ഉയർത്തിപ്പിടിക്കാനും വളർച്ച നേടാനും കർഷകർക്കായെങ്കിൽ പിന്നീട് സംഘടിത ഉദ്യോഗസ്ഥരും തൊഴിലാളിവർഗവും കർഷകനെ കശക്കിയെറിയാൻ തുടങ്ങി. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന മാഫിയസംഘത്തിനുമുമ്പിൽ ഭരണനേതൃത്വങ്ങൾ മുട്ടുമടക്കിയപ്പോൾ ഇക്കൂട്ടരുടെ നിരന്തരദ്രോഹത്തിനിരയായത് അസംഘടിതകർഷകരാണ്. വിലത്തകർച്ചയും വിപണിയുമില്ലാതെ പ്രകൃതിക്ഷോഭങ്ങളും വന്യജീവി ആക്രമണങ്ങളുമേറ്റ് കൃഷി നഷ്ടപ്പെട്ടവരായപ്പോൾ ഇന്നലെകളിൽ കേരളത്തിന്റെ സാമ്പത്തികവളർച്ചയിൽ നിർണായകസ്വാധീനം ചെലുത്തിയ കർഷകന്റെ കഷ്ടദിനങ്ങളാരംഭിച്ചു. സഹായിക്കാൻ ആരുമില്ലാത്ത നിസ്സഹായാവസ്ഥയിൽ ഗതികിട്ടാതെ, മുട്ടാൻ വാതിലുകളില്ലാതെ വഴിയാധാരമായി കർഷകനിന്നു വിങ്ങിപ്പൊട്ടുമ്പോൾ പുതുതലമുറ കൃഷി ഉപേക്ഷിച്ച് നാടുവിട്ടോടുന്ന ദുർവിധിയിലാണ്.

### കർഷകന്റെ കടബാധ്യത

കാലാകാലങ്ങളായി ഉത്പാദനച്ചെലവുപോലും ലഭിക്കാത്ത, വർഷാവർഷം കൃഷി ഇറക്കുന്നതിനായി എടുത്ത വായ്പാഭാരം താങ്ങാനാവാതെ കർഷകർ ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്നു. കേരളത്തിലെ കർഷകരുടെ ആളോഹരിക്കടത്തെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കണക്കുകൾപ്രകാരം (നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ സ്ഥിതി വിലയിരുത്തൽ സർവേ 2021, ദേശീയവായ്പ നിക്ഷേപ താരതമ്യസർവേ) കേരളത്തിലെ ഒരു കർഷകന്റെ ശരാശരി കടബാധ്യത 5.46 ലക്ഷം രൂപയാണ്. ദേശീയതലത്തിൽ ഇത് 1.82 ലക്ഷം രൂപമാത്രം. ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയാണ് കേരളത്തിലെ കർഷകന്റെ കടബാധ്യതയെന്നതു ഞെട്ടിക്കുന്നതാണ്.

### കൃഷിവകുപ്പിനു കൃഷിയുണ്ടോ?

കേരളത്തിലെ കൃഷിമന്ത്രിയോ കൃഷിവകുപ്പോ നേരിട്ടു കൃഷി ചെയ്യാറില്ല. കാർഷികമേഖലയിലെ ഉത്പാദനം മുഴുവൻ കൃഷിക്കാരുടെ അധ്വാനമാണ്. കാലാവസ്ഥയാണു കൃഷിയെ നിയന്ത്രിക്കുന്നത്. കാലാവസ്ഥ മോശമായി കൃഷി നശിച്ചാൽ സർക്കാരും ജനപ്രതിനിധികളും പ്രസ്താവനയും വാചകമടിയും തുടരുന്നതല്ലാതെ കൃഷിക്കാരനെ സഹായിക്കില്ല. വിള ഇൻഷുറൻസ് എന്നതൊക്കെ പുസ്തകങ്ങളിലും ഫയലിലും മന്ത്രിമാരുടെ പൊള്ളയായ വാഗ്ദാനങ്ങളിലും ഒതുങ്ങുന്നു. ഇനി കൃഷിയിറക്കി വിളവെടുത്താലോ? അരിയാഹാരം കഴിക്കുന്ന മലയാളിയുടെ മണ്ണിൽ എത്രയോ ദിവസങ്ങളാണ് കൊയ്തിട്ട നെല്ലുസംഭരിക്കാൻ സർക്കാർ മുന്നോട്ടുവരാതെ വഴിയോരങ്ങളിലും പാടത്തും പൊടിയും വെയിലുമേറ്റ് ആർക്കും വേണ്ടാതെ കിടന്നത്. ഇതിൽപ്പരം കർഷകദ്രോഹമെന്ത്?

നെൽക്കൃഷി ആദായകരമായി നടത്തിക്കൊണ്ടുപോകാനുള്ള താങ്ങുവില കാലാകാലങ്ങളിൽ പ്രഖ്യാപിച്ച് താങ്ങുവിലയ്ക്ക് സംസ്ഥാന സർക്കാർ സമയബന്ധിതമായി സംഭരിച്ചാൽമാത്രമേ നെൽക്കർഷകപ്രതിസന്ധിക്കു പരിഹാരമാകൂ. അതിനുപകരം, നിരന്തരം കേന്ദ്രത്തെ പഴിചാരി മാറിനിൽക്കാൻ എത്രകാലം സംസ്ഥാനസർക്കാരിനാകും? 2024-25 ലേക്കുള്ള ബജറ്റിൽ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ചെലവ് 2,55,386 കോടി രൂപയാണ്. കേരളത്തിലെ മൊത്തം നെല്ലുത്പാദനം 5,92,684 മെട്രിക് ടണ്ണായിരുന്നു. 28.20 രൂപ നിരക്കിൽ മൊത്തം നെല്ലുവാങ്ങാൻ സംസ്ഥാനത്തിനു വേണ്ടത് 1,671 കോടി രൂപ. നെല്ല് അരിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ സംഭരണവില സർക്കാരിന്റെ ഖജനാവിലെത്തും. അപ്പോൾ നയാപൈസ പണം മുടക്കേണ്ടതില്ല. രണ്ടാഴ്ച അല്ലെങ്കിൽ ഒരു മാസം 1,671 കോടി രൂപ കൈവായ്പ നൽകിയാൽ മാത്രം മതി. പലിശയിനത്തിൽ ചെലവാകുന്നതോ 11 കോടി രൂപ മാത്രം. 1,671 കോടി രൂപയ്ക്ക് എട്ടു ശതമാനം പലിശനിരക്കിൽ ഒരു മാസത്തെ പലിശ. 2,55,386 കോടി രൂപ കൈകാര്യം ചെയ്യുന്ന സംസ്ഥാനസർക്കാരിന് 1,671 കോടിരൂപ വെറും ഒരു മാസത്തേക്ക് കൈവായ്പയായി നൽകാൻ സാധിക്കുന്നില്ലെങ്കിൽ നാടുഭരിക്കുന്ന കർഷകവിരുദ്ധരും ദ്രോഹികളുമായ രാഷ്ട്രീയനേതാക്കളെയും ജനപ്രതിനിധികളെയും തിരഞ്ഞെടുപ്പിൽ ചൂണ്ടിക്കാണിക്കാതെ പിന്നെ ജനം എന്തു ചെയ്യണം?


▶4





അരുവിത്തുറ തിരുനാൾ

സപ്ലിമെന്റ്

7 – 14 പേജുകളിൽ

# അശാന്തിയുടെ ഉഷ്ണക്കാറ്റിൽ വീണ്ടും പശ്ചിമേഷ്യ



അനിൽ ജെ. തയ്യിൽ



ഇസ്രയേൽ - ഇറാൻ ശക്തികൾ നേരിട്ടൊരു ഏറ്റുമുട്ടലിലേക്കു തുനിഞ്ഞിറങ്ങുമ്പോൾ ലോകം ഉത്കണ്ഠയുടെ മുൾമുനയിലാണ്. ഹമാസ് ഹിസ്ബുള്ള ഭീകരർക്ക് ഇറാൻ നൽകുന്ന രഹസ്യസഹായങ്ങൾക്കു തിരിച്ചടിയെന്നവണ്ണം ഇക്കഴിഞ്ഞ ഏപ്രിൽ ഒന്നിന് സിറിയൻ തലസ്ഥാനമായ ദമാസ്കസിലെ ഇറാൻ കോൺസുലേറ്റ് തകർത്ത ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട പതിമ്മൂന്നു പേരിൽ രണ്ട് ഇറാൻ സൈനികജനറൽമാരും ഉണ്ടായിരുന്നു. ഇതിനു മറുപടിയായി ഇറാൻ കഴിഞ്ഞ ദിവസം ഇസ്രയേൽ മണ്ണിൽ ഡ്രോണുകളും ബാലിസ്റ്റിക് - ക്രൂസ് മിസൈലുകളുമായി നടത്തിയ ആക്രമണമാണു പശ്ചിമേഷ്യയിൽ സംഘർഷസാധ്യത വർധിപ്പിച്ചിരിക്കുന്നത്. ഇന്റലിജൻസ് മുന്നറിയിപ്പിനെത്തുടർന്ന് ഇസ്രയേൽ സ്വീകരിച്ച കരുതൽനടപടികളിലൂടെ പകുതിയിലേറെ ഡ്രോണുകളും മിസൈലുകളും രാജ്യാതിർത്തിക്കു വെളിയിൽവച്ചുതന്നെ തകർക്കാൻ സാധിച്ചു. ഇസ്രയേലിനു വലിയ നാശനഷ്ടമൊന്നുമുണ്ടാക്കാൻ സാധിക്കാതിരുന്ന ആക്രമണത്തിൽ ഒരു ബാലികയ്ക്കു പരിക്കേൽക്കുകമാത്രമാണു ചെയ്തിട്ടുള്ളത്. തങ്ങളുടെ പരമാധികാരത്തെ ചോദ്യം ചെയ്ത കോൺസുലേറ്റ് ആക്രമണത്തിനു പകരമായി ഇസ്രയേൽ ആക്രമണം നടത്തിയെന്ന് ഇറാന് ആശ്വസിക്കാം.

**ലോകരാജ്യങ്ങളുടെ നിലപാട്**

ഇതിനു പകരമായി ഇറാനെ ആക്രമിക്കരുതെന്ന് ഇസ്രയേലിനോട് ആവശ്യപ്പെട്ട അമേരിക്ക, തങ്ങൾ ഇറാനുമായി നേരിട്ട് ഒരു യുദ്ധത്തിനില്ല എന്നു വ്യക്തമാക്കിയെങ്കിലും, ഇസ്രായേലിനെ തുടർന്നും നേരിട്ടാക്രമിച്ചാൽ തങ്ങൾ ഇസ്രയേലിന്റെ സഹായത്തിനെത്തുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജോർദാൻരാജാവ് അബ്ദുള്ള ജോ ബൈഡനുമായി നടത്തിയ ചർച്ചയിൽ, കാര്യങ്ങൾ കൈവിട്ടുപോയാലുള്ള പരിണതഫലങ്ങൾ ചൂണ്ടിക്കാണിച്ചു. സൗദി അറേബ്യ ആവശ്യപ്പെട്ടപ്രകാരം വിളിച്ചുചേർത്ത യു എൻ സുരക്ഷാസമിതിയോഗത്തിൽ അമേരിക്കയെ ആക്രമിക്കില്ലെന്നും തങ്ങൾക്കു നേരിട്ട ആക്രമണത്തിനു നൽകിയ പ്രത്യാക്രമണത്തിലൂടെ തങ്ങൾ കളംവിടുന്നുവെന്നും ഇറാൻ ഉറപ്പുനൽകുകയുണ്ടായി എന്നത് ആശ്വാസകരം. എന്നാൽ, തങ്ങൾ തീരുമാനിക്കുന്ന സമയത്ത്, തീരുമാനിക്കുന്നിടത്തുവച്ചു മറുപടി നൽകുമെന്ന ഇസ്രയേലിന്റെ പ്രഖ്യാപനം മുൻ അനുഭവങ്ങൾവച്ച് പാഴ്വാക്കാകാനും സാധ്യതയില്ല.

**ധർമസങ്കടത്തിൽ അറബ് രാജ്യങ്ങൾ**

യുഎഇ, സൗദി അറേബ്യ അടക്കമുള്ള അറബുരാജ്യങ്ങൾ യുദ്ധമുണ്ടായാൽ ഒരു നിലപാടെടുക്കേണ്ടിവരും എന്നതിനാൽ സംഘർഷം ഒഴിവാക്കാനുള്ള തത്രപ്പാടിലാണ്. ഇസ്രയേലുമായി ഇപ്പോൾ അറബുരാജ്യങ്ങൾ ഒന്നും ശത്രുതയിലല്ല എന്നതും മികച്ച വാണിജ്യബന്ധങ്ങൾ ഉണ്ടെന്നുള്ളതും ഇസ്രയേലിനു മേൽക്കോയ്മ നൽകുന്നുണ്ട്. ഇറാൻ കോൺസുലേറ്റ് ആക്രമണത്തിൽ ഇസ്രയേലിനെ ഈ രാജ്യങ്ങളൊന്നും അപലപിച്ചില്ല എന്നതും ശ്രദ്ധേയം.

**ഇസ്രയേൽ തന്ത്രം**

ദമാസ്കസിലെ ഇറാൻ കോൺസുലേറ്റ് ആക്രമണം തികച്ചും ഇസ്രയേലിന്റെ തന്ത്രപരമായ ഒരു നീക്കം തന്നെയായിരുന്നു എന്നതു വ്യക്തം. ഹമാസ്, ഹിസ്ബുല്ല, ഹൂതി തുടങ്ങിയ ഭീകരസംഘടനകൾക്കെല്ലാം ആയുധ-സൈനികപരിശീലനം നൽകി വളർത്തുന്ന ഇറാനെ പരസ്യമായി രംഗത്തുകൊണ്ടുവരിക എന്നതാണ് അവർ ലക്ഷ്യം വച്ചതിൽ ഒന്ന്. കോൺസുലേറ്റ് ആക്രമിക്കപ്പെടുക എന്നുപറഞ്ഞാൽ രാഷ്ട്രത്തിന്റെ പരമാധികാരത്തിനുനേർക്കുള്ള ആക്രമണമാകയാൽ ഇറാൻ അടങ്ങിയിരിക്കില്ല എന്നത് ഉറപ്പായിരുന്നു. ഗാസയിൽ വെടിനിർത്തൽ ആവശ്യപ്പെട്ടുതുടങ്ങിയിരിക്കുന്ന അമേരിക്കയെ നേരിട്ടു യുദ്ധത്തിൽ പങ്കാളിയാക്കുക എന്നതാണ് മറ്റൊന്ന്.

**ലോകയുദ്ധത്തിലേക്കു നയിക്കുമോ?**

ലോകം അങ്ങനെ ഭയക്കുന്നുണ്ടെങ്കിലും, തികച്ചും അപ്രതീക്ഷിതമായി എന്തെങ്കിലും സംഭവിച്ചില്ലെങ്കിൽ ഒരു വൻയുദ്ധത്തിലേക്കു നയിക്കപ്പെടാനുള്ള സാധ്യതകൾ കുറവാണ്. അതിന്റെ കാരണങ്ങൾ ഒന്നു ചിന്തിക്കാം.

1. നാല്പതു വർഷത്തോളമായി ഒരു നേർയുദ്ധത്തിനു താത്പര്യം പ്രകടിപ്പിക്കാത്ത ഇറാന്റെ മുഖംരക്ഷിക്കൽ തന്ത്രമായി ഇസ്രയേൽ ആക്രമണത്തെ കരുതാം. കോൺസുലേറ്റ് ആക്രമണത്തിനു തിരിച്ചടി നൽകിയില്ലെങ്കിൽ രാജ്യത്തിനുള്ളിൽ ഉണ്ടാകാവുന്ന എതിർപ്പും അറബുലോകത്തെ ഏറ്റവും വലിയ സൈനികശക്തിയെന്ന നിലയിൽ തലകുനിക്കേണ്ടിവരുമെന്നതും അവർക്കു പ്രശ്നമാണ്. ആക്രമണത്തിനു മിനിറ്റുകൾമുമ്പ് ജോർദാൻ അടക്കമുള്ള അറബുരാജ്യങ്ങളുടെ എല്ലാ വിമാനത്താവളങ്ങളും നിശ്ചലമായി എന്നതു ശ്രദ്ധിച്ചാൽ മനസ്സിലാകും. ഇസ്രയേലിൽ വലിയ നാശനഷ്ടമോ ജീവഹാനിയോ ഉണ്ടാക്കാൻ അവർ തയ്യാറായില്ലെന്നതും ആ സൂചന നൽകുന്നു.

2. ഇസ്രയേലുമായി കര - സമുദ്രാതിർത്തികൾ പങ്കിടുന്നില്ല എന്നതും ഇരുരാജ്യങ്ങളും തമ്മിൽ രണ്ടായിരത്തിലേറെ കിലോമീറ്ററുകളുടെ ദൂരവ്യത്യാസം ഉണ്ടെന്നതും ഒരു നേർ യുദ്ധത്തിനു വിലങ്ങുതടിയാവുമ്പോൾ ആകാശയുദ്ധംമാത്രമാണ് ഏകവഴി. ഇറാക്ക്, സിറിയ, ലബനൻ, ജോർദാൻ എന്നീ രാജ്യങ്ങളുടെ സഹായത്തോടെയേ ഇറാന് ഇസ്രയേലിൽ ആക്രമണം നടത്താൻ സാധിക്കൂ. എന്നാൽ, ഇവയൊന്നും ഇസ്രയേലിന്റെ ശത്രുരാജ്യങ്ങളല്ല എന്നത് അവർക്കുള്ള തടസ്സമാണ്.

3. ഇറാൻ - സിറിയ - റഷ്യ അച്ചുതണ്ടിൽ റഷ്യയുടെ അവസ്ഥ അത്ര മികച്ചതല്ല എന്നതും അവരെ പുറകോട്ടടിക്കുന്നു. യുക്രെയ്ൻ യുദ്ധമുന്നണിയിൽ അപ്രതീക്ഷിത തിരിച്ചടികളിൽപ്പെട്ടുഴലുന്ന റഷ്യയ്ക്ക് ഇപ്പോൾ പശ്ചിമേഷ്യയിൽ ഒരു യുദ്ധമുഖം തുറക്കുകയെന്നത് അസാധ്യമാണ്.

**രാഷ്ട്രീയസാഹചര്യങ്ങൾ**

ഇസ്രയേൽ ഒഴികെ മറ്റൊരു രാജ്യവും ഇപ്പോൾ ഒരു യുദ്ധത്തിൽ തത്പരരല്ല. മാറിയ ലോകക്രമത്തിൽ മിക്ക രാഷ്ട്രങ്ങളും കൊവിഡ് തകർച്ചയിൽനിന്നു മുന്നോട്ടു കുതിക്കാൻ ശ്രമിക്കുന്ന വേളയാണിത്. ഈ വർഷം തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിനെ നേരിടേണ്ടിവരുന്ന ജോ ബൈഡന് നിലവിൽ രാജ്യത്തെ ഒരു യുദ്ധത്തിലേക്കു വലിച്ചിഴയ്ക്കാവുന്ന സാഹചര്യമല്ല. ഇപ്പോൾത്തന്നെ ബൈഡൻ ബഹുദൂരം പിന്നിലാണുതാനും. തന്നെയുമല്ല, ചൈനയുമായി ലോകസാമ്പത്തിക മേധാവിത്വത്തിനുള്ള മത്സരം പല മേഖലകളിൽ നടത്തുമ്പോൾ ലോകത്തിന്റെ വിവിധയിടങ്ങളിൽ തങ്ങളുടെ വാണിജ്യതാത്പര്യങ്ങൾ സംരക്ഷിക്കാനുള്ള ശ്രമത്തിലുമാണ് അമേരിക്ക. കൂടാതെ, അറബ് രാജ്യങ്ങളിലും യു.എൻ. രക്ഷാസമിതിയിലും ഈ വർഷം നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പുകൾ യുദ്ധത്തിലേക്കു വഴിതുറക്കാൻ ഒരു രാജ്യത്തെയും പ്രേരിപ്പിക്കുകയില്ല. പക്ഷേ, നെതന്യാഹുവിനു യുദ്ധം തുടരേണ്ടതും അനിവാര്യമാണ്. ഇസ്രയേലിന്റെ പരമാധികാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്നതിനൊപ്പം യുദ്ധം അവസാനിക്കുമ്പോൾ തനിക്കെതിരേ മുമ്പേയുള്ള അഴിമതിക്കേസുകൾ തന്നെ വാ പിളർത്തി വിഴുങ്ങുമെന്ന് അദ്ദേഹത്തിനറിയാം. അങ്ങനെവന്നാൽ താരതമ്യേന സംശുദ്ധ ജനാധിപത്യരാഷ്ട്രമായ ഇസ്രയേലിൽ തന്റെ സ്ഥാനം അഴിക്കുള്ളിലാണെന്നും അദ്ദേഹത്തിനു വ്യക്തം.

**ഇന്ത്യയുടെ താത്പര്യങ്ങൾ**

പശ്ചിമേഷ്യയിൽ വലിയ സാമ്പത്തികതാത്പര്യമുള്ള ഇന്ത്യയ്ക്ക് ഇറാനുമായി വലിയ തോതിൽ വ്യാപാരമുണ്ട്, എങ്കിലും ഇസ്രയേൽതന്നെയാണു പ്രഥമ പരിഗണന അർഹിക്കുന്ന സുഹൃദ്‌രാഷ്ട്രം. പതിനേഴു പൗരന്മാരുമായി ഇന്ത്യയുടെ എം.എൻ.സി. ഏരീസ് എന്ന ചരക്കുകപ്പൽ ഇറാൻ തട്ടിയെടുത്തത് ഇസ്രയേലിന്മേൽ ഇന്ത്യയ്ക്കുള്ള സ്വാധീനം അറിയാവുന്നതുകൊണ്ടും അത് ഉപയോഗിക്കാനുമാണ്. പക്ഷേ, ഇന്ത്യയുടെ അതൃപ്തി നേടിയെടുക്കാൻമാത്രമേ ഇറാനു സാധിക്കൂ. നിർണായക ഏഷ്യൻശക്തിയായ ഇന്ത്യയ്ക്കു വലിയ വിലപേശലൊന്നുമില്ലാതെ കപ്പൽ മോചിപ്പിക്കാൻ സാധിക്കും. ഒരുപക്ഷേ, ഇസ്രയേൽ സഖ്യരാഷ്ട്രങ്ങൾക്കുള്ള ഒരു ഇറാനിയൻ മുന്നറിയിപ്പുമാവാം അത്. ഇതൊക്കെ മുന്നിൽക്കണ്ടാണ് ഇന്ത്യ റഷ്യയുമായി കൂടുതൽ അളവിലുള്ള എണ്ണക്കരാറിൽ ഏർപ്പെട്ടതും. പക്ഷേ, റഷ്യയും സിറിയയും ചില ഭീകരസംഘടനകളുമല്ലാതെ വലിയ സഖ്യകക്ഷികളൊന്നുമില്ലാത്ത ഇറാന് നാറ്റോസഖ്യത്തിനും ഇന്ത്യയ്ക്കുമെതിരേ അങ്ങനെയൊന്നും പിടിച്ചുനിൽക്കാനാവില്ല. സൗദിയും ജോർദാനും അവർക്കെതിരാണുതാനും. അങ്ങനെ ലോകം ഒരു യുദ്ധത്തിന്റെ ദുരിതപർവത്തിൽനിന്നു അകന്നുപോകട്ടെ എന്നു പ്രത്യാശിക്കാം.

■



*പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ ക്യാമ്പ് മുൻ ചീഫ് സെക്രട്ടറി ടോം ജോസ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്യുന്നു.*

ഇതു റിട്ടയാർഡ് ഹെഡ് കോൺസ്റ്റബിൾ വാരിജാക്ഷന്റെ വീട്. വാരിജാക്ഷനും അയാളുടെ ഭാര്യയും ഒരു മകനും അയാളുടെ ഭാര്യയുമാണിവിടെ താമസം. വാരിജാക്ഷൻസാറിനു രണ്ടുമക്കളാണ്. വേണുഗോപാലനും സുഗതനും. വേണുഗോപാലൻ മാറിത്താമസിക്കുന്നു. സുഗതനും ഭാര്യയും കൂടെയുണ്ട്. സുഗതനു തിരുവനന്തപുരത്തു ജോലിയാണ്; പോലീസിൽത്തന്നെ. മാസംതോറും വീട്ടിൽ വരും. അയാൾക്കു കുട്ടികളില്ല. കല്യാണം കഴിഞ്ഞിട്ടു വർഷം അഞ്ചായി. ചികിത്സകൾ പലതും ചെയ്തു. നോ രക്ഷ... സുഗതന്റെ ഭാര്യ അജിത ഗർഭിണിയായില്ല. വാരിജാക്ഷൻ സാറിന്റെ ഭാര്യ വാസന്തി അജിതയോടെന്നും വഴക്കാണ്.

"ഒരു മച്ചിയെയാണല്ലോ എന്റെ മകൻ കെട്ടിയത്. മൂശേട്ട..."

"ദേ അമ്മേ, എന്നെ വെറുതെ വഴക്കുപറഞ്ഞാലുണ്ടല്ലോ. ഞാനെന്റെ വീട്ടിപ്പോകും..." അജിത പറയാറുണ്ട്.

"പോടീ. പിന്നെ നീയിങ്ങോട്ടു വരരുത്. എന്റെ മകനെ ഞാൻ വേറെ പെണ്ണുകെട്ടിക്കും..."

പക്ഷേ, സുഗതൻ ആളൊരു പാവമാണ്. ഒരു പോലീസുകാരന്റെ ശൂരതയും ക്രൂരതയുമൊന്നും അയാൾക്കില്ല. ആളൊരു ശാന്തൻ.

"സുഗതാ, താനൊരു പോലീസുകാരനാകേണ്ട ആളല്ലായിരുന്നു. വല്ല അധ്യാപകനുമായാൽ മതിയായിരുന്നു..." സഹപ്രവർത്തകർ പറയും.

സുഗതൻ ചിരിക്കുകയേ ഉള്ളൂ.

അന്നൊരു തിങ്കളാഴ്ചയായിരുന്നു. സുഗതൻപോലീസ് തിരുവന്തപുരത്തുനിന്നു വന്നിട്ടുണ്ട്. അയാൾ പുറത്തുനിന്നു വിളിച്ചു:

"അജിതേ."

"ദേ വരണു ചേട്ടാ."

നനഞ്ഞ കൈ നൈറ്റിയിൽ തുടച്ചിട്ട് അജിത ചെന്നു വാതിൽ തുറന്നു.

"ചേട്ടനെപ്പം വന്നു?" അവൾ സന്തോഷത്തോടെ സുഗതനെ നോക്കി ചോദിച്ചു.

"ദേ ഇപ്പളിങ്ങെത്തിയതേയുള്ളൂ. അമ്മയെവിടെ അജിതേ..."

"ദാ കുളിക്കുന്നു..."

"എന്താ നീയൊരു രസമില്ലാത്തതുപോലെ സംസാരിക്കുന്നത്?"

"നിങ്ങടമ്മയ്ക്ക് ഏതു നേരവും എന്നെ വഴക്കു പറഞ്ഞോണ്ടിരിക്കണം..."

"എന്തിനാ വഴക്ക്..."

"ഞാൻ പ്രസവിക്കാത്തതിന്." അജിത ചിരിച്ചു.

"അതിനു വഴക്കു പറഞ്ഞിട്ടെന്താ കാര്യം. ദൈവം കനിയണ്ടേ."

"അതമ്മയോടൊന്നു പറഞ്ഞു



കൊടുക്ക്."

"നീ വാ പ്രായമായവർ വല്ലതുമൊക്കെപ്പറയും നീയതു കാര്യമായിട്ടെടുക്കണ്ട." സുഗതൻ ഭാര്യയെ സമാധാനിപ്പിച്ചു.

പിന്നെ ആ വിഷയത്തെക്കുറിച്ച് അജിതയൊന്നും പറഞ്ഞില്ല. അവർ ഭാര്യയും ഭർത്താവും സ്വന്തം മുറിയിലേക്കു പോയി.

"ചേട്ടൻ ഡ്രസ്സുമാറി കുളിക്കൂ. ഞാൻ ഭക്ഷണമെടുത്തു വയ്ക്കാം..."

അജിത അടുക്കളയിലേക്കു പോയി. അപ്പോഴേക്കും വാസന്തി കുളികഴിഞ്ഞുവന്നു.

"ആരാടീ അപ്രത്ത്."

"സുഗതൻചേട്ടൻ വന്നു."

"ഓ ഇനി നിനക്ക് സൊള്ളാനൊരാളായി."

അജിത മറുപടി പറഞ്ഞില്ല, മൗനം ദീക്ഷിച്ചു. ഒരു മാസം കൂടിയാണ് തന്റെ ഭർത്താവു വരുന്നത്. അദ്ദേഹത്തിനു മനസ്സമാധാനം കൊടുക്കണം.

സമയം ഓടിയകലുകയാണ്.

മണി ഒന്നര. പുറത്തു വെയിൽ കത്തുന്നു.

സുഗതൻ വേഗം കുളികഴിഞ്ഞു ഡ്രസ്സുമാറി വന്നു.

"മോനെപ്പ വന്നെടാ?" വാസന്തി ചോദിച്ചു.

"ഇപ്പോ വന്നതേയുള്ളമ്മേ."

"എടീ, വേഗം ചോറു വിളമ്പ് അവനു നന്നായി വിശക്കുന്നുണ്ടാവും."

സുഗതൻ പോലീസ് വിഭവസമൃദ്ധമായ ഊണു കഴിച്ചു.

ഇനി നന്നായൊന്നുറങ്ങണം. അയാൾ എണീറ്റു കൈകഴുകി.




ബാലനോവൽ 7 രാമപുരം മണി

* * *

ഷീജ സ്കൂളിൽ ഹാപ്പിയായിരുന്നു. നന്നായി പഠിക്കുന്ന കുട്ടിയാണവൾ. മറ്റു കുട്ടികളോടു റ്റീച്ചർമാർ ചിലപ്പോൾ പറയാറുണ്ട്:

"ഷീജയെ കണ്ടുപഠിക്ക്."

സഹപാഠികളായ മറ്റു കുട്ടികളോടൊക്കെ ഷീജയ്ക്കു വളരെ സ്നേഹമാണ്. നീന യു.പി., വന്ദന രാജേഷ്, മിനിമോൾ പി. അങ്ങനെ കുറെ കൂട്ടുകാരുണ്ട് ഷീജയ്ക്ക്. എല്ലാവർക്കും ഷീജ റ്റി.കെ. ചിലപ്പോൾ മിഠായി വാങ്ങിക്കൊടുക്കാറുണ്ട്. ദമയന്തിറ്റീച്ചർ ചിലപ്പോൾ മകൾക്ക് പത്തു രൂപ കൊടുക്കും.

"എന്തിനാമ്മേ രൂപ?" ഷീജ ചോദിക്കും.

"മിഠായി വാങ്ങിച്ചോ കൂട്ടുകാർക്കും കൊടുക്കണം."

"നല്ല അമ്മ."

"കൂട്ടുകാർക്കൊക്കെ വല്ലപ്പഴും മിഠായി വാങ്ങിക്കൊടുത്താലേ അവരുടെ സ്നേഹം നിലനില്ക്കൂ." റ്റീച്ചർ പറഞ്ഞു.

"അതു ശരിയാ അമ്മ പറഞ്ഞത്. ഇന്നാളു ഞാനവർക്കു മിഠായി കൊടുത്തപ്പോൾ അവരുടെ മുഖങ്ങളിൽ എന്തു സന്തോഷമായിരുന്നെന്നോ..."

"അങ്ങനെയാണു മോളേ... നമ്മളാർക്കെങ്കിലും സ്നേഹപൂർവം എന്തെങ്കിലും കൊടുത്താൽ അവർ സന്തോഷിക്കും..." റ്റീച്ചർ പറഞ്ഞു.

അമ്മ കൊടുത്തു പത്തുരൂപാ ഷീജ സൂക്ഷിച്ചുവച്ചു. നാളെ കൂട്ടുകാർക്ക് മിഠായി വാങ്ങിക്കൊടുക്കണം. മിഠായിമധുരം നുണയുമ്പോൾ അവരുടെ മുഖങ്ങളിൽ പുഞ്ചിരി വിടരും. അതു കാണുന്നതു തനിക്കു സന്തോഷമാണ്. ഷീജ മനസ്സിൽ പറഞ്ഞു.

"മോളേ ദേ അച്ഛൻ ഭക്ഷണം കഴിക്കാനിരുന്നു. നീ കൂടെ വന്നിരിക്ക്." റ്റീച്ചർ വിളിച്ചു.

ഷീജ എണീറ്റുപോയി.

ചപ്പാത്തിയും വെജിറ്റബിൾ കറിയും. ദമയന്തിറ്റീച്ചർ ഡൈനിങ് ടേബിളിൽ വിളമ്പി.

അച്ഛനും മകളും ഇരുന്നു. നളനുണ്ണി അന്നു സന്തോഷവാനായിരുന്നു.

"അസുഖം കുറവുണ്ടോ അച്ഛാ?" ഷീജ ചോദിച്ചു.

"കുറവുണ്ടു മോളേ നല്ല സുഖം തോന്നുന്നു."

"നല്ല മരുന്നുകളാവും ഡോക്ടർ തന്നത്."

"അതെയതെ..." നളനുണ്ണി ചപ്പാത്തി മുറിച്ച് വെജിറ്റബിൾക്കറിയിൽ മുക്കിത്തിന്നു.

"നീയും കഴിക്കൂ ദമയന്തീ."

ദമയന്തിറ്റീച്ചറും അവർക്കൊപ്പം ഭക്ഷണം കഴിക്കാനിരുന്നു.

*(തുടരും)*

# കർഷകരുടെ കഷ്ടകാലത്തിന് അറുതിയില്ലേ?

*1-ാം പേജ് തുടർച്ച*

**വന്യജീവികൾ കടിച്ചുകീറുമ്പോൾ**

വന്യജീവിയാക്രമണങ്ങൾമാത്രമല്ല ഇതുമൂലം നഷ്ടപ്പെടുന്ന മനുഷ്യജീവനുകളുടെ എണ്ണവും അനുദിനം പെരുകുന്നു. കാടിറങ്ങി ജനവാസകേന്ദ്രങ്ങളിലെത്തുന്ന വന്യമൃഗങ്ങളെ വെടിവച്ചുകൊല്ലാൻ ജനങ്ങൾക്ക് അധികാരമുണ്ടായിട്ടും അതു ചെയ്യാൻ സഹായിക്കാതെ, ജനങ്ങളെ കൊല്ലുന്ന വന്യജീവികളെ സംരക്ഷിക്കുന്ന ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും രാഷ്ട്രീയപ്പാർട്ടികളെയും തിരഞ്ഞെടുപ്പിൽ കർഷകർ നേരിടുകതന്നെവേണം.

വന്യജീവിയാക്രമണം തടയാൻ തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര സർക്കാരുകൾ പാസ്സാക്കിയ ജല്ലിക്കെട്ട് നിയമമാതൃകയിൽ സംസ്ഥാനതല നിയമനിർമാണം നടത്തണം. 1972 ലെ വന്യജീവി സംരക്ഷണനിയമത്തിലെ 11(2) വകുപ്പുപ്രകാരം ജീവനു ഭീഷണിയാകുന്ന വന്യജീവികളെ കൊല്ലാൻ മനുഷ്യർക്കു നൽകിയിരിക്കുന്ന അധികാരം ഉപയോഗിക്കാൻ മലയോരമേഖലയിലെ ജനങ്ങളെ സർക്കാർ ബോധവത്കരിക്കണം. മലയോരമേഖലയിൽ ആവശ്യപ്പെടുന്നവർക്കൊക്കെ കാലതാമസമില്ലാതെ സംസ്ഥാന സർക്കാർ തോക്ക് ലൈസൻസ് നൽകണം. തോക്ക് ഉപയോഗിക്കാനുള്ള പരിശീലനം നൽകണം. വനം ട്രൈബ്യൂണൽ കോടതികൾ സ്ഥാപിക്കണം. നഷ്ടപരിഹാരം 'സ്കെയിൽ ഓഫ് ഫിനാൻസ് ഫോർ ഗ്രോയിങ് ക്രോപ്സ്' അടിസ്ഥാനമാക്കി നിശ്ചയിക്കണം. ജല്ലിക്കെട്ട് വിഷയത്തിൽ കേന്ദ്ര നിയമത്തിനു സമാന്തരമായി മറ്റു സംസ്ഥാനങ്ങൾ സ്വതന്ത്രനിയമനിർമാണം നടത്തിയ മാതൃകയിൽ കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ വെടിവച്ചുകൊല്ലാൻ സ്വതന്ത്ര സംസ്ഥാനനിയമം രൂപീകരിക്കുക തുടങ്ങിയ സാമാന്യബോധംമാത്രം ആവശ്യമുള്ള തീരുമാനങ്ങൾ എടുക്കാൻപോലും കഴിവില്ലാത്ത ഒരു രാഷ്ട്രീയഭരണകൂടം. ജനങ്ങളുടെ ഭാഗത്തുനിന്നു പ്രവർത്തിക്കുന്നതിനുപകരം അന്താരാഷ്ട്ര സ്ഥാപിത താത്പര്യക്കാരായ ആഗോളഭീമന്മാർക്കുവേണ്ടിയും അന്താരാഷ്ട്രസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന 'മലയാളികളായ ചില വിദഗ്ധരുടെ' സ്വകാര്യതാത്പര്യങ്ങൾക്കുമായി ആഗോള പരിസ്ഥിതി പ്രവർത്തകരുമായി കൈകോർത്ത് നാല്പതു ലക്ഷത്തിലധികം മലയോരജനങ്ങളെ വന്യമൃഗശല്യം ചൂണ്ടിക്കാട്ടി കുടിയിറക്കാനുള്ള നീക്കം പാർലമെന്റുതിരഞ്ഞെടുപ്പിൽ സജീവരാഷ്ട്രീയചർച്ചാവിഷയമാകുന്നതിനെ രാഷ്ട്രീയനേതൃത്വങ്ങൾ ഭയക്കേണ്ടതില്ല.

**ഇറക്കുമതിച്ചുങ്കം കർഷകന്**

കാർഷികവിളകളിൽനിന്ന് ഏറ്റവും കൂടുതൽ സംസ്ഥാനവരുമാനം നേടിത്തരുന്ന റബർകൃഷി സംസ്ഥാനത്തിനുള്ളിൽതന്നെ അവഗണിക്കപ്പെടുകയാണ്. ഇറക്കുമതിച്ചുങ്കം എന്നു പറയുന്നത് കർഷകനെ തീറെഴുതിവിറ്റതിന്റെ വിലയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിൽ 8,985 കോടി രൂപയാണ് റബർ ഇറക്കുമതി ചുങ്കത്തിലൂടെ കേന്ദ്രസർക്കാരിനു ലഭിച്ച വരുമാനം. ഇതിൽ 6,739 കോടി രൂപ (75%) കേരളത്തിലെ റബർ കർഷകർക്ക് അവകാശപ്പെട്ടതാണ്. റബർ ഉത്പാദക ഉത്തേജകപദ്ധതിയിലൂടെ റബറിന്റെ ഇറക്കുമതിച്ചുങ്കം റബർ കർഷകരുടെ അക്കൗണ്ടുകളിലെത്തണമെന്ന ഉച്ചകോടി നിലപാടിനെ ആർക്ക് എങ്ങനെ രാഷ്ട്രീയമായി എതിർക്കാനാകും. 2016 നുശേഷം റബർ കർഷക ഉത്തേജകപദ്ധതിക്കായി 3,000 കോടി രൂപയാണ് ഇടതുസർക്കാർ ബജറ്റിൽ നീക്കിവച്ചതെങ്കിലും നാളിതുവരെ വിതരണം ചെയ്തത് 1,989 കോടി രൂപമാത്രമാണ്. അവിടെയും നടക്കുന്നത് കർഷകവഞ്ചനതന്നെ. അത് ചൂണ്ടിക്കാണിക്കുന്ന കർഷകരെ എന്തിനു പഴിക്കണം.

**കണ്ടില്ലന്നു നടിക്കരുത്**

ഓരോ ദിവസവും കൂടുതൽ സങ്കീർണമാകുന്ന ഭൂപ്രശ്നങ്ങൾ, അണിയറയിലിരിക്കുന്ന ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമവിജ്ഞാപനം സൃഷ്ടിക്കാവുന്ന ആഘാതങ്ങൾ, വനമേഖലയ്ക്കു പുറത്ത് കൃഷിയിടങ്ങളിലേക്ക് ബഫർസോൺ ഉയർത്തുന്ന വെല്ലുവിളികൾ, മനുഷ്യനെ കുരുതികൊടുത്തു മൃഗങ്ങൾക്കു സുരക്ഷയൊരുക്കുന്ന ഭരണസംവിധാനങ്ങളുടെ ക്രൂരത ഇവയൊന്നും കണ്ടില്ലെന്നു നടിക്കാനാവില്ല. നിയമങ്ങൾ സൃഷ്ടിക്കുന്ന സംസ്ഥാന കേന്ദ്ര സർക്കാരുകളിലെ, ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികൾ മനുഷ്യമൃഗങ്ങളാണോയെന്നു പൊതുസമൂഹമിന്നു ചിന്തിച്ചുതുടങ്ങിയിരിക്കുന്നു.

സ്വതന്ത്ര വ്യാപാരക്കരാറുകളിലൂടെ വൻകിട രാജ്യാന്തര കോർപ്പറേറ്റുകൾക്ക് ഇന്ത്യയുടെ ഗ്രാമീണ കാർഷികമേഖല തുറന്നുകൊടുത്തിരിക്കുന്നു. കർഷകവിരുദ്ധകരിനിയമങ്ങൾ അടിച്ചേല്പിക്കാൻ തുനിഞ്ഞപ്പോൾ രാജ്യത്ത് കരുത്താർജിച്ച കർഷകപ്രതിഷേധത്തിന്റെ അലകൾ ഇനിയും കെട്ടടങ്ങിയിട്ടില്ല. കാർഷികോത്പന്നങ്ങൾക്കു ന്യായവില എവിടെ? പ്രകടനപത്രികകളിൽ പ്രഖ്യാപിച്ച കാർഷിക ബജറ്റ് എവിടെ? സമയബന്ധിത കാർഷികോത്പന്ന സംഭരണമെവിടെ? ഖജനാവിലെ കോടികൾ തട്ടിയെടുക്കുന്ന കൃഷിവകുപ്പിന്റെ പ്രവർത്തനപരാജയത്തിനുമുമ്പിൽ അടയിരിക്കുന്നവരായി ജനപ്രതിനിധികൾ അധഃപതിച്ചുവോ? മേൽസൂചിപ്പിച്ചവയൊക്കെ കണ്ടില്ലെന്നു നടിക്കുന്നവരുടെ തിരഞ്ഞെടുപ്പുകാലത്തെ കള്ളച്ചിരിയിൽ കർഷകൻ വീണുപോയാൽ സ്വയം ആഴങ്ങളിലേക്കു നിപതിക്കുകയാണെന്നുള്ളത് മറക്കരുത്.

**ഭരണനേതൃത്വം കണ്ണുതുറക്കുമോ?**

ഭരണസംവിധാനത്തിന്റെ ധൂർത്തും കെടുകാര്യസ്ഥതയും സൃഷ്ടിച്ചിരിക്കുന്ന കടക്കെണിയുടെ ആഘാതം ഓരോ മലയാളിയുടെയും തലയ്ക്കുമുകളിൽ ഡെമോക്ലീസന്റെ വാളുപോലെ ഭീതിപ്പെടുത്തിയാടുന്നു. കാലങ്ങളായി സ്തംഭിച്ചിരിക്കുന്ന വ്യവസായമേഖല, കലാലയരാഷ്ട്രീയ അക്രമങ്ങൾ അഴിച്ചുവിടുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ, ലക്ഷ്യബോധം നഷ്ടപ്പെട്ടു രാഷ്ട്രീയ സംഘടനാപ്രവർത്തനത്തിൽ മുഴുകുന്ന ഉദ്യോഗസ്ഥർ, അടിച്ചേല്പിക്കുന്ന നിയമങ്ങളും നികുതികളും, ഭീകരവാദപ്രസ്ഥാനങ്ങളുടെ സ്ലീപ്പിങ് സെല്ലുകൾ നാട്ടിലുടനീളം, മദ്യവും മയക്കുമരുന്നും ലോട്ടറിയും സർക്കാർ ഖജനാവ് നിറയ്ക്കുമ്പോൾ ഒരു തലമുറയെ നാശത്തിന്റെ വഴിയിലേക്കു ബോധപൂർവം ഭരണനേതൃത്വങ്ങൾ തള്ളിവിടുകയാണ്. നാടുവിട്ടോടിപ്പോകുന്ന യുവത്വം, ഭീതിപ്പെടുത്തുന്ന ജീവിതസാഹചര്യങ്ങളും ഭരണവൈകല്യങ്ങളും ദ്രോഹസമീപനങ്ങളും കർഷകന്റെമാത്രമല്ല പൊതുസമൂഹത്തിന്റെയൊന്നാകെ ജീവിതത്തെ വഴിമുടക്കുന്നു.

ഇടപ്രഭുക്കന്മാരായ രാഷ്ട്രീയ സമാന്തരരാജാക്കന്മാർ സംസ്ഥാനത്ത് അഴിഞ്ഞാടുന്നു. മാറ്റങ്ങൾക്കു വിധേയമാകുന്നില്ലെങ്കിൽ കാർഷികമേഖലമാത്രമല്ല കേരളത്തിന്റെ സമസ്തമേഖലകളും തകർന്നടിയുന്ന ദിനങ്ങൾ വിദൂരമല്ല. അന്നംതരുന്ന കർഷകനെ സംരക്ഷിക്കാത്ത ഭരണസംവിധാനങ്ങൾ ഒരു രാജ്യത്തും നിലനിന്ന ചരിത്രമല്ല. ജീവിതം പെരുവഴിയിലായി നിലനില്പിനായി പോരാടുന്ന കർഷകൻ കണ്ണുതുറന്ന് പൊതുതിരഞ്ഞെടുപ്പിൽ പ്രതികരിക്കുവാൻ ആർജവം കാണിക്കണം. പാർട്ടികൾക്കും മുന്നണികൾക്കുമല്ല തങ്ങളെ സംരക്ഷിക്കുന്നവർക്കും തങ്ങളോടൊപ്പം ഉണ്ടാകുമെന്നുറപ്പുള്ളവർക്കുംമാത്രമായിരിക്കണം വിലയേറിയ സമ്മതിദാനാവകാശം.

■



# അരുവിത്തുറ തിരുനാൾ

**2024 ഏപ്രിൽ 15 തിങ്കൾ മുതൽ മേയ് 2 വ്യാഴം വരെ**

# അപ്പസ്തോലപാരമ്പര്യത്തിന്റെ അഭിമാനസ്തംഭം

**കേ**രളത്തിലെ ചരിത്രപ്രസിദ്ധങ്ങളായ ക്രൈസ്തവ തീർഥാടനകേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനമലങ്കരിക്കുന്ന ഒന്നാണ് അരുവിത്തുറ സെന്റ് ജോർജ് പള്ളി. മീനച്ചിലാറിന്റെ കരയിൽ, പശ്ചിമഘട്ടമലനിരകളുടെ മടിത്തട്ടിലെന്നോണം ഈ ദൈവാലയം സ്ഥിതിചെയ്യുന്നു. കോട്ടയത്തുനിന്ന് 25 മൈൽ കിഴക്കുമാറി, മധ്യതിരുവിതാംകൂറിന്റെ തിലകക്കുറിയായി പ്രശോഭിക്കുന്ന ഈ ശിലാഗോപുരം ഭക്തസഹസ്രങ്ങളുടെ അഭയസ്ഥാനമാണിന്ന്. ഇടവകമധ്യസ്ഥനായ വിശുദ്ധ ഗീവറുഗീസ് സഹദാ അഥവാ 'അരുവിത്തുറ വല്യച്ചൻ' സർപ്പഭയത്തിൽനിന്നും ശത്രുദോഷത്തിൽനിന്നും മറ്റനേകം ഈതിബാധകളിൽനിന്നും തങ്ങളെ സംരക്ഷിക്കുമെന്ന ദൃഢവിശ്വാസം ജാതിമതഭേദമെന്യേ അനേകായിരങ്ങളെ ഈ ദൈവാലയത്തിലേക്കു ശരണാർഥികളായി അടുപ്പിക്കുന്നു.

മുസ്ലീംഭൂരിപക്ഷപ്രദേശമായ ഈരാറ്റുപേട്ടയുടെ ഒത്ത നടുവിലായി സ്ഥിതിചെയ്യുന്ന അരുവിത്തുറപ്പള്ളി മുമ്പ് ഈരാപ്പുഴ അഥവാ ഈരാപ്പെലിപ്പള്ളി എന്നാണറിയപ്പെട്ടിരുന്നത്. അതേക്കുറിച്ചു ചരിത്രം ഇങ്ങനെ പറയുന്നു: പശ്ചിമഘട്ടമലനിരകളുടെ കിഴക്കുഭാഗത്തുനിന്നുദ്ഭവിക്കുന്ന വടക്കനാറും പടിഞ്ഞാറുഭാഗത്തുനിന്നുദ്ഭവിക്കുന്ന പൂഞ്ഞാർനദിയും അരുവിത്തുറയിലെത്തി ഒന്നിക്കുകയും ആ സംഗമസ്ഥാനത്തിന് ഈരാറ്റുപുഴയെന്നു പേരുവീഴുകയും ചെയ്തു. രണ്ട് ആറുകളുടെ ഇട എന്ന അർഥത്തിൽ 'ഈരാറ്റിട'യെന്നും 'ഈരാപ്പെലി'യെന്നും പേരിൽ വകഭേദങ്ങൾ വേറേയുമുണ്ടായി. കാലക്രമേണ അത് ഈരാറ്റുപേട്ടയായി മാറി.

അരുവിത്തുറയെന്ന സ്ഥലനാമവും ഇങ്ങനെ രൂപപ്പെട്ടതാകണം. അരുവിയെന്നാൽ ചെറിയ നദി. 'തുറ'യെന്നാൽ കടവ് അഥവാ യാനപാത്രങ്ങൾ അടുക്കുന്ന സ്ഥലം. അങ്ങനെ വരുമ്പോൾ അരുവിത്തുറയെന്നാൽ ചെറിയ ആറിന്റെ തീരത്തുള്ള കടവ് എന്നർഥം. പശ്ചിമഘട്ടത്തിനപ്പുറത്തു കിടക്കുന്ന തമിഴ്പ്രദേശങ്ങളുമായി 'ഈരാപ്പെലി'ക്ക് ഊർജിതമായ വ്യാപാരബന്ധമുണ്ടായിരുന്നുവെന്നും തമിഴ്വ്യാപാരികൾ അവരുടെ ശൈലിയനുസരിച്ച് ഈ സ്ഥലത്തിന് അരുവിത്തുറ എന്ന പേരു നല്കിയെന്നുമാണ് ഒരു നിരീക്ഷണമുള്ളത്. ഈ സ്ഥലം കരമാർഗവ്യാപാരത്തിനു സഹായകമായ ഒരു ഉൾനാടൻതുറമുഖമായി അഭിവൃദ്ധിപ്പെട്ടതിനാൽ ആ സ്ഥലത്തു കച്ചവടം നടത്തിയിരുന്ന തമിഴന്മാരുമായി പല സ്ഥലങ്ങളിൽനിന്നുമുള്ള ആളുകൾ വ്യാപാരബന്ധം പുലർത്തുകയും, ഈ സമ്പർക്കം അരുവിത്തുറ എന്ന തമിഴ്പേര് അംഗീകരിക്കാൻ ആളുകളെ പ്രേരിപ്പിക്കുകയും ചെയ്തുവത്രേ. ക്രമേണ ഈരാപ്പെലി, ഈരാപ്പുഴ എന്നീ പേരുകൾ വിസ്മൃതങ്ങളായി. വൈദേശികമായ അരുവിത്തുറ എന്ന പേര് പള്ളിയുടെ രേഖകളിൽ 1901 നു ശേഷം മാത്രമേ കാണുന്നുള്ളൂ.

ചുരുക്കിപ്പറഞ്ഞാൽ, അരുവിത്തുറപ്പള്ളിയുടെ പേരിനെ സംബന്ധിച്ച് ചരിത്രക്രമമനുസരിച്ച് അനുമാനിക്കാവുന്ന കാര്യമിതാണ്:

- ശവകുടീരലിഖിതങ്ങളിൽ കാണുന്നപ്രകാരം എ.ഡി. 17-ാം ശതകംവരെ 'ഈരാറ്റിട'.
- നാലാം തോമാ ആർച്ചുഡീക്കൻ, മാർ ഗബ്രിയേൽ മെത്രാൻ, മത്തായിക്കത്തനാർ എന്നിവരുടെ ലിഖിതങ്ങളിൽ കാണുന്നവിധം 18-ാം നൂറ്റാണ്ടിൽ ഈരാപ്പെലി അഥവാ ഈരാപ്പുഴ.
- പള്ളിയിലെ രേഖകളിൽ കാണുംവിധം പത്തൊമ്പതാം ശതകത്തിൽ ഈരാറ്റുപുഴ.
- 1901 മുതലുള്ള പള്ളിരേഖകളിൽ അരുവിത്തുറ.

## തോമാശ്ലീഹാ സ്ഥാപിച്ച പള്ളി

അരുവിത്തുറപ്പള്ളി തോമാശ്ലീഹാ സ്ഥാപിച്ചുവെന്ന പാരമ്പര്യവിശ്വാസം വളരെ പ്രബലമാണ്. ഭാരതപ്രേഷിതനായ അപ്പസ്തോലൻ (എ.ഡി. 52-72) തമിഴ്നാട്ടിലേക്കുള്ള യാത്രയിൽ യഹൂദരുടെയും മറ്റു വിദേശികളുടെയും വ്യാപാരകേന്ദ്രമായിരുന്ന അരുവിത്തുറയിൽ (ഈരാറ്റുപുഴ) എത്തുകയും ഏതാനും പ്രമുഖവ്യക്തികളെ മാനസാന്തരപ്പെടുത്തുകയും അവർക്കുവേണ്ടി ഒരു ആരാധനാസ്ഥലം ആരംഭിക്കുകയും ചെയ്തു. തോമാശ്ലീഹാ സ്ഥാപിച്ച പള്ളികളുടെ പ്രസിദ്ധമായ പട്ടികയിൽ (കൊടുങ്ങല്ലൂർ, കോട്ടക്കായൽ, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ, പാലയൂർ) ഈരാപ്പുഴപ്പള്ളി ഉൾപ്പെട്ടിട്ടില്ലായെങ്കിലും, അരുവിത്തുറയുടെ അപ്പസ്തോലികപാരമ്പര്യം സംബന്ധിച്ച അനിഷേധ്യമായ വസ്തുതകൾ ചരിത്രത്തിൽനിന്നു നമുക്കു കണ്ടെത്താൻ കഴിയും. കേരളയാക്കോബായ സഭയിലെ ഉന്നതസ്ഥാനീയനായിരുന്ന നാലാം മാർത്തോമ്മാ മെത്രാൻ

▶ 8

# അനിഷേധ്യമായ പുരാരേഖകൾ

7-ാം പേജ് തുടർച്ച

ഹോളണ്ടിലെ ലെയ്ഡൻ യൂണിവേഴ്സിറ്റി പ്രഫസർ കാർലോസ് ഷാഫിന് എ.ഡി. 1721 ൽ അയച്ച കത്തിൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളുടെ ഗണത്തിൽ മൈലാപ്പൂർ, കൊടുങ്ങല്ലൂർ, ഈരാപ്പെലി, പ്രാക്കാർ, കൊക്കമംഗലം, തിരുവാംകോർ, നിരണം എന്നും, 1717 നും 1721 നും മധ്യേ യാക്കോബായമെത്രാൻ മാർ ഗബ്രിയേൽ സുറിയാനിവൈദികനായ മത്തായി കത്തനാരുടെ കൈപ്പടയിൽ എഴുതിയ കത്തിൽ സെന്റ് തോമസ് ദൈവാലയങ്ങളായി ഈരാപ്പുഴ, പറവൂർ, നിരണം, കൊക്കമംഗലം, തിരുവാംകോർ എന്നും, പ്രസ്തുത മത്തായി കത്തനാരുടെ 1725 ലെ സഭാചരിത്രത്തിൽ അപ്പസ്തോലസ്ഥാപിതങ്ങളായ പള്ളികളിൽ ഈരാപ്പുഴ, കൊക്കമംഗലം, പറവൂർ, നിരണം, തിരുവാംകോർ എന്നും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

## വികാരി



ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ


ഈ രേഖകളിൽ കൊടുത്തിരിക്കുന്ന പള്ളികളുടെ ലിസ്റ്റ് റമ്പാൻപാട്ടിലെയും മാർഗംകളിപ്പാട്ടിലെയും പട്ടികയിൽനിന്നു വ്യത്യസ്തമാണ്. ഇതിൽനിന്ന് അനുമാനിക്കേണ്ടത്, റമ്പാൻപാട്ടിലും മാർഗംകളിപ്പാട്ടിലും നല്കപ്പെട്ടിട്ടുള്ള പള്ളികളുടെ പേരുകൾ അവയുടെ കർത്താക്കളുടെ സ്ഥലങ്ങളിൽ പ്രചാരത്തിലിരുന്ന പാരമ്പര്യങ്ങളെയും മുകളിൽപ്പറഞ്ഞ കത്തുകളിലെ പ്രസ്താവനകൾ അവ എഴുതിയവരുടെ പ്രദേശങ്ങളിലെ പാരമ്പര്യങ്ങളെയും ആധാരമാക്കിയുള്ളവയെന്നാണ്. മറ്റൊരുദാഹരണം പറഞ്ഞാൽ, മാർത്തോമ്മാ ശ്ലീഹാ തമിഴ്നാട്ടിലേക്കുള്ള തന്റെ യാത്രയിൽ മലയാറ്റൂരിൽ സുവിശേഷം പ്രസംഗിച്ചുവെന്നു റമ്പാൻപാട്ടിൽ പറയുന്നു. എന്നാൽ, തോമാശ്ലീഹാ സ്ഥാപിച്ച പള്ളികളുടെ പൊതുവെ അംഗീകരിക്കപ്പെട്ട പട്ടികയിൽ മലയാറ്റൂർ ഇല്ല. ഇതിൽനിന്നു മനസ്സിലാക്കേണ്ടത്, അപ്പസ്തോലൻ മാനസാന്തരങ്ങൾ സാധിതമാക്കുകയും കുരിശുകൾ സ്ഥാപിച്ച് ആരാധനാകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്ത സ്ഥലങ്ങൾ വേറെയും ഉണ്ടായിരുന്നിരിക്കാമെന്നാണ്.

അരുവിത്തുറപ്പള്ളിയെയും (ഈരാപ്പുഴ) തെക്കൻ തിരുവിതാംകൂറിലെ തിരുവാംകോട് പള്ളിയെയും സംബന്ധിച്ച് അതതു പ്രദേശങ്ങളിൽ നിലവിലുള്ള പരമ്പരാഗതവിശ്വാസം ഈ അനുമാനത്തിനു ബലം നല്കുന്നു.

ചായൽ അഥവാ നിലയ്ക്കൽ എന്ന സ്ഥലത്തേക്കോ അവിടെനിന്നോ ഉള്ള യാത്രാമധ്യേ തോമാശ്ലീഹാ ഈരാപ്പുഴപള്ളി സ്ഥാപിച്ചുവെന്നാണു പാരമ്പര്യവിശ്വാസം. അരുവിത്തുറപ്പള്ളിയുടെ അപ്പസ്തോലികപാരമ്പര്യത്തിനുള്ള മറ്റൊരു തെളിവ്, ഈരാപ്പുഴ(അരുവിത്തുറ)പ്പള്ളി മറ്റേതെങ്കിലും പള്ളിയിൽനിന്നു ഭാഗം പിരിഞ്ഞുപോയതാണെന്നു പ്രസ്താവിക്കുന്ന യാതൊരു രേഖയുമില്ല എന്നതാണ്. തോമാശ്ലീഹാ സ്ഥാപിച്ചവയൊഴികെ കേരളത്തിലുള്ള മറ്റെല്ലാ പള്ളികൾക്കും അവയുടെ സ്ഥാപനത്തെയോ മറ്റു പള്ളികളിൽനിന്നു പിരിഞ്ഞുപോയതിനെയോ സംബന്ധിച്ച രേഖകളുണ്ട്. ഈരാപ്പുഴപ്പള്ളിയുടെ അപ്പസ്തോലിക സ്ഥാപനം സംബന്ധിച്ച പാരമ്പര്യം 18-ാം ശതകത്തിന്റെ ആദ്യപാദത്തിൽ വളരെ പ്രചാരമുള്ളതായിരുന്നു. കോട്ടയം വികാരിയാത്തിന്റെ ആദ്യകാല അപ്പസ്തോലിക്കാ ആയിരുന്ന മോൺ. ചാൾസ് ലവീഞ്ഞ് 1893 ലെ തന്റെ കലണ്ടറിൽ അരുവിത്തുറപ്പള്ളി സമീപപ്രദേശങ്ങളിലെ എല്ലാ പള്ളികളുടെയും മാതൃദൈവാലയമായിരുന്നുവെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.



മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാധ്യക്ഷൻ



മാർ ജോസഫ്
പള്ളിക്കാപറമ്പിൽ
പാലാ രൂപത മുൻ അധ്യക്ഷൻ

### പള്ളിയുടെ ആരംഭം

പാരമ്പര്യമനുസരിച്ച്, അരുവിത്തുറ (ഈരാപ്പെലി)യിലെ ആദ്യത്തെ ആരാധനാലയം ഹൈന്ദവക്ഷേത്രങ്ങളുടെ മാതൃകയിൽ കരിങ്കല്ലുകൊണ്ടാണു നിർമിച്ചത്. അതു പല തവണ പുനർനിർമിതമായി എന്നു പറയപ്പെടുന്നു. ഒരിക്കൽ പള്ളി പൊളിച്ചപ്പോൾ, ഉപേക്ഷിക്കപ്പെട്ട മൂന്നു കരിങ്കൽക്കഷണങ്ങളാൽ നിർമിതമായ റോമൻമാതൃകയിലുള്ള ഒരു കമാനം (പ്രധാനവാതിലിന്റെ ഭാഗമായിരുന്നത്) പരേതനായ ഫാ. ഹോസ്റ്റൻ എസ്. ജെ. തന്റെ പുരാവസ്തു ഗവേഷണയാത്രയ്ക്കിടയിൽ അരുവിത്തുറപ്പള്ളിയുടെ പരിസരത്തുനിന്ന് 1924 ൽ കണ്ടെടുത്തിരുന്നു. അതു പുതിയ പള്ളിയുടെ തറക്കെട്ടിൽ ഇന്നും ഭദ്രമായി (ഭാഗികമായി തേഞ്ഞുപോയെങ്കിലും) സംരക്ഷിച്ചുവരുന്നു. മുൻവശത്തു മൂന്നു പടികളുള്ള കുരിശുരൂപം കൊത്തിയ പ്രസ്തുത കമാനം, പതിനാറാം നൂറ്റാണ്ടിൽ പൊളിക്കപ്പെട്ട പള്ളിയുടെ ഭാഗമായിരിക്കണമെന്നാണ് അനുമാനം. എന്തെന്നാൽ, രണ്ടാംശതകം അവസാനത്തിലോ മൂന്നാം ശതകം ആരംഭത്തിലോ നിർമിക്കപ്പെട്ട ക്ഷേത്രത്തിന്റെ ആകൃതിയിലുള്ള പള്ളിയിൽ ഒരു റോമൻകമാനം ഉണ്ടാവാൻ ഇടയില്ലല്ലോ. സിറിയാക്കാരാണ് പണ്ട് ഈ വിധത്തിലുള്ള കമാനങ്ങൾ തീർത്തിരുന്നത്. പിന്നീട്, ഈ മാതൃക റോമാക്കാരും മറ്റു പാശ്ചാത്യരാജ്യങ്ങളും അനുകരിച്ചുതുടങ്ങി. കാലാന്തരത്തിൽ സിറിയൻകമാനം റോമൻകമാനം എന്ന പേരിലറിയപ്പെട്ടു.

പതിനാറാം ശതകത്തിന്റെ ആരംഭത്തിലാണ് ഇടവകക്കാരനായ കല്ലറയ്ക്കൽ മത്തായിക്കത്തനാരുടെ നിയന്ത്രണത്തിൽ കല്ലും കുമ്മായവും ഉപയോഗിച്ച്, കളിമണ്ണോടുകൾകൊണ്ടു മേൽക്കൂര ചാർത്തിയ ഒരു പുതിയ പള്ളി ഉയരുന്നത്.

സിറിയൻ-ഗോഥിക് ശൈലിയിൽ, പടിഞ്ഞാറോട്ടു ദർശനമായി പണിത പ്രസ്തുതപള്ളി 1951 ൽ പൊളിച്ചുപണിയപ്പെട്ടു.

▶9

## സഹവൈദികർ



ഫാ. ഡോ. ജോയൽ പണ്ടാരപ്പറമ്പിൽ (സീനിയർ അസി. വികാരി)



ഫാ. ഫ്രാൻസിസ് മാട്ടേൽ (അസി. വികാരി)



ഫാ. ജോസഫ് കദളിയിൽ (അസി. വികാരി)



ഫാ. അബ്രാഹം കുഴിമുള്ളിൽ (അസി. വികാരി)



ഫാ. ബിജു കുന്നയ്ക്കാട്ട് (ബർസാർ, അരുവിത്തുറ കോളജ്)


തിരുനാൾ ആശംസകൾ












# ചരിത്രസ്മരണകളുണർത്തുന്ന മാതൃദേവാലയം

8–ാം പേജ് തുടർച്ച


അതിന്റെ മദ്ബഹമാത്രം മേൽക്കൂരയോടുകൂടി ഇന്നു നിലവിലുള്ള ആധുനികദൈവാലയത്തിന്റെ വലതുവശം ചേർത്തു സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇടവക മധ്യസ്ഥനായ വിശുദ്ധ ഗീവറുഗീസിന്റെ അഥവാ 'അരുവിത്തുറ വല്യച്ച'ന്റെ തിരുസ്വരൂപം വിശ്വാസികളുടെ ഭക്ത്യാദരങ്ങളേറ്റുവാങ്ങി ഇവിടെ കുടികൊള്ളുന്നു.

**ആധുനികപള്ളിയുടെ ആരംഭം**

1942 സെപ്റ്റംബർ എട്ടാം തീയതി പരുന്തിരിക്കൽ തോമാച്ചൻ വികാരിയായിരിക്കുമ്പോഴാണ്, ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കാളാശേരി ഇന്നു കാണുന്ന പള്ളിക്കു തറക്കല്ലിട്ടത്. 1951 ഏപ്രിൽ 20–ാം തീയതി മറ്റത്തിൽ സെബാസ്റ്റ്യനച്ചൻ വികാരിയായിരുന്നപ്പോൾ പാലായുടെ പ്രഥമമെത്രാൻ യശഃശരീരനായ മാർ സെബാസ്റ്റ്യൻ വയലിൽതിരുമേനി പുതിയ ദൈവാലയം ആശീർവദിച്ചു. ഈ ദൈവാലയത്തിന്റെ മദ്ബഹ മുതൽ മുഖവാരം വരെ 170 അടി നീളവും 50 അടി വീതിയും 52 അടി ഉയരവുമുണ്ട്. മുഖവാരത്തിന് 120 അടിയിലധികം പൊക്കവും മദ്ബഹയുടെ രണ്ടുവശത്തുമുള്ള നീട്ടുകൾ ഉൾപ്പെടെയുള്ള ഭാഗത്തിന് 100 അടിയോളം കുറുകെ നീളവുമുണ്ട്. മുൻവശത്തു 120 അടി പൊക്കമുള്ള മണിമാളികയും അതിനു മുകളിലായി ക്രിസ്തുരാജന്റെ തിരുസ്വരൂപവും സ്ഥിതിചെയ്യുന്നു. മധ്യത്തിലുള്ള തട്ടിൽ വിശുദ്ധ ഗീവറുഗീസിന്റെയും താഴേത്തട്ടിൽ സ്വർഗാരോപിതമാതാവിന്റെയും ശില്പങ്ങൾ മുഖവാരത്തിനു പരഭാഗശോഭയേറ്റുന്നു.

ശ്രീ. കെ.സി. തോമസ് ആനത്താനത്ത് കല്ലറയ്ക്കൽ എന്ന എഞ്ചിനീയറുടെ നേതൃത്വത്തിലായിരുന്നു പുതിയ പള്ളിയുടെ നിർമാണം. കല്ലറയ്ക്കൽ – പൊട്ടംകുളം കുടുംബക്കാർ അൾത്താരയും പരേതനായ കെ.വി. സക്കറിയാസ് പൊട്ടംകുളം പ്രധാന ബലിപീഠവും സംഭാവന ചെയ്തു. അൾത്താരയിലെ സ്വർഗാരോപിതമാതാവിന്റെ രൂപവും കൊടിമരവും വല്യച്ചൻ മലയിലെ കുരിശും പ്ലാത്തോട്ടം കുടുംബക്കാരും, വിശുദ്ധ തോമാശ്ലീഹായുടെ രൂപം തെങ്ങുംമൂട്ടിൽ കുടുംബക്കാരും സംഭാവന ചെയ്തതാണ്. ഇടവകയുടെ അകത്തും പുറത്തുമുള്ള നിരവധിയാളുകൾ സാമ്പത്തികമായും കായികമായും അളവറ്റ സംഭാവനകൾ വേറേയും നല്കിയിട്ടുണ്ട്. പള്ളിനിർമാണത്തിന്റെ ഭാഗമായി നില ഇടുന്നതിനാവശ്യമായ ഇല്ലി മുഴുവൻ സ്വന്തം പുരയിടത്തിൽനിന്നു സ്വന്തം ചെലവിൽ വെട്ടിച്ചുനൽകിയത് ദേവസ്യാ തൊമ്മൻ (കുഞ്ഞപ്പൻ) അത്യാലിയാണ്. ■





## തോമാശ്ലീഹായുടെ തിരുശേഷിപ്പ് അരുവിത്തുറയിൽ

തോമ്മാശ്ലീഹായുടെ ഭൗതികശരീരം മൈലാപ്പൂരിൽനിന്നു ഗ്രീസിലെ എദേസാ എന്ന സ്ഥലത്തേക്കു കൊണ്ടുപോവുകയും അവിടെനിന്നു സിയോസ് എന്ന സ്ഥലത്തേക്കും അവസാനം ഇറ്റലിയിലെ ഓർത്തോണാ സെന്റ് തോമസ് പള്ളിയിലേക്കും കൊണ്ടുപോയി അവിടെ സൂക്ഷിക്കുന്നു. ഓർത്തോണാ കത്തീഡ്രലിലെ വികാരി ഫാ. ഡിസേപ്പയും ഇറ്റലിയിൽ സൊള്ളോ എന്ന സ്ഥലത്തു വികാരിയായി സേവനം ചെയ്ത ഫാ. ജോർജ് ഓലിക്കൽ എം.എസ്.റ്റിയും ചേർന്നാണ് തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് 2014 ൽ അരുവിത്തുറയിൽ കൊണ്ടുവന്നത്. തിരുശേഷിപ്പിന് സ്നേഹോഷ്മളമായ വരവേല്പും നൽകുകയുണ്ടായി. അന്നത്തെ വികാരിയായിരുന്ന ഫാ. തോമസ് ഓലിക്കലാണ് തിരുശേഷിപ്പ് ഏറ്റുവാങ്ങിയത്. തിരുശേഷിപ്പ് പ്രധാന അൾത്താരയുടെ വലതുവശത്ത് തോമ്മാശ്ലീഹായുടെ രൂപക്കൂട്ടിൽ പരസ്യവണക്കത്തിനായി സ്ഥാപിച്ചിരിക്കുന്നു.


തിരുനാൾ ആശംസകൾ



അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
എം.എൽ.എ.

തിരുനാൾ ആശംസകൾ




LED HOUSE
ERATTUPETTA
Plathottam Tower
Near KSRTC Bus Stand
PH : 8089 976 479
Branches: Tirur, Calicut, Kalpetta

murikolil opticals
& CONTACT LENS CENTRE

കണ്ണടകൾക്ക്



COMPUTERIZED EYE TESTING

Murikolil Building
Muttom Jn., Pala Road
ERATTUPETTA

9447 262 022,
9400 757 022,
8848 749 073



# വാനമേഘങ്ങളെ തൊട്ട് വല്യച്ചൻമല

■ ജോസഫ് വടക്കേൽ

അരുവിത്തുറപ്പള്ളിയിൽനിന്ന് ഏകദേശം ഒന്നരകിലോമീറ്റർ മാറി, നാലു മലകളുടെ നടുവിലായി, വാനമേഘങ്ങളിൽ ഉയർന്നുനില്ക്കുന്ന വല്യച്ചൻമല ഇന്നു മധ്യതിരുവിതാംകൂറിലെ അറിയപ്പെടുന്ന തീർഥാടനകേന്ദ്രങ്ങളിലൊന്നാണ്. മരങ്ങളും ചെടികളും ഫലവൃക്ഷങ്ങളും കാട്ടുപൂക്കളുംകൊണ്ടുനിറഞ്ഞ പ്രകൃതിരമണീയമായ ഈ പുണ്യഭൂമി തീർഥാടകരെയും സഞ്ചാരികളെയും ഒരുപോലെ ആകർഷിക്കുന്നു.

102 അടി ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ കുരിശാണ് വല്യച്ചൻമലയിലെ മുഖ്യ ആകർഷണകേന്ദ്രം. പ്ലാത്തോട്ടം വർക്കിച്ചൻ നിർമിച്ചുനല്കിയ ഈ കുരിശിന്റെയും വല്യച്ചൻമലയുടെയും രാത്രികാലകാഴ്ച വ്യത്യസ്തമായ ഒരനുഭവം കാഴ്ചക്കാർക്കു നല്കുന്നു.

രണ്ടേക്കർ മുപ്പതുസെന്റ് സ്ഥലം വള്ളിക്കാപ്പിൽ രാജുവിൽനിന്നു വാങ്ങിയാണ് മലയ്ക്ക് ആരംഭം കുറിച്ചത്. അരുവിത്തുറയിലെ ആദ്യകാലപള്ളിയുടെ ഓർമ നിലനിർത്താൻ അതേ മാതൃകയിൽ തോമാശ്ലീഹായുടെ പള്ളി ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾകൊണ്ട് ഈ പള്ളിപണി പൂർത്തിയാക്കുകയും 2011 മാർച്ച് 11 ന് പാലാ രൂപത വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ട് പള്ളി വെഞ്ചരിക്കുകയുമുണ്ടായി. തേക്കിന്റെ ഒറ്റത്തടിയിൽതീർത്ത 36 അടി ഉയരമുള്ള കുരിശ് തോമാശ്ലീഹാപ്പള്ളിയുടെ മുൻവശത്തായി സ്ഥാപിച്ചിരിക്കുന്നു.

മലയുടെ ഏറ്റവും മുകളിലാണ് വല്യച്ചൻമലപ്പള്ളി സ്ഥിതി ചെയ്യുന്നത്. ഇതിനായി 4 ഏക്കർ 60 സെന്റ് സ്ഥലം വി. ഡി. ജോസഫ് വാളിപ്ലാക്കലിൽനിന്നു വാങ്ങുകയായിരുന്നു. അതിൽ 60 സെന്റ് സ്ഥലം അദ്ദേഹം പള്ളിക്കു ദാനമായി നല്കി. ഈജിപ്തിലെ പിരമിഡിന്റെ മാതൃകയിൽ പ്രകൃതിഭംഗിക്കു കോട്ടം തട്ടാതെ ഒറ്റക്കല്ലുകൾ അടുക്കി പണിതീർത്തിട്ടുള്ളതാണ് വല്യച്ചൻമല.

അരുവിത്തുറപ്പള്ളിയിൽനിന്ന് 700 മീറ്ററോളം കൊണ്ടൂർ - പാതാഴ റോഡിലൂടെ സഞ്ചരിച്ചാൽ മലയടിവാരത്ത് എത്തിച്ചേരാം. അവിടെ മലയിലേക്കുള്ള ആദ്യകവാടം നിർമിച്ചിരിക്കുന്നു. അതിനടുത്തായി യാക്കോബിന്റെ കിണർ. തുടർന്ന് യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും കുരിശിന്റെ വഴിയിലെ പതിന്നാലു സ്ഥലങ്ങളും ഭംഗിയായി ശില്പകലാവൈദഗ്ധ്യത്തോടെ ഒരുക്കിയിരിക്കുന്നു. മലയുടെ ഏറ്റവും മുകളിലായി പിയാത്ത. ഈശോയെ കബറടക്കിയ കല്ലറ തീർത്തിരിക്കുന്നത് വല്യച്ചൻമലപ്പള്ളിയുടെ പിറകിൽ അടിഭാഗത്തുള്ള ഗുഹയിലാണ്. ഗുഹയിൽനിന്നു പുറത്തേക്കു കടന്നാൽ യൗനാൻ പ്രവാചകനും തിമിംഗലവും കലാവിരുതോടെ ചിത്രീകരിച്ചിരിക്കുന്നു.

തോമാശ്ലീഹാപ്പള്ളിയുടെ സമീപത്തായി തീർഥാടകർക്കുള്ള വിശ്രമകേന്ദ്രവും മുകളിലത്തെ വല്യച്ചൻമലപ്പള്ളിയോടു ചേർന്നു വൈദികർക്കുള്ള താമസസൗകര്യവും ഒരുക്കിയിരിക്കുന്നു. മലയുടെ പടിഞ്ഞാറുവശത്താണ് വല്യച്ചൻ ഗ്രാമം. ഇടവകയിലെ ഭവനരഹിതർക്കായി 20 വീടുകൾ ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്.

പുതുഞായറാഴ്ചയാണു മലയിലെ പ്രധാനതിരുനാൾ. എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം അഞ്ചുമണിക്ക് അരുവിത്തുറപ്പള്ളിയിൽനിന്നു ജപമാല പ്രദക്ഷിണവും ദിവ്യബലിയും ക്രമീകരിച്ചിരിക്കുന്നു. അമ്പതുനോമ്പിലെ എല്ലാ ദിവസവും കുരിശിന്റെ വഴിയും ആഘോഷമായ ദിവ്യബലിയും നടത്തുന്നു. ദുഃഖവെള്ളിയാഴ്ചയിലെ ഭക്തിനിർഭരമായ കുരിശിന്റെ വഴിക്ക് ആയിരക്കണക്കിനു ഭക്തജനങ്ങളാണു വല്യച്ചൻമലയിൽ എത്തിച്ചേരുന്നത്. 2019 മുതൽ വിശുദ്ധകുരിശിന്റെ തിരുനാൾ മലയിൽ ആഘോഷിക്കുന്നു. അന്നേദിവസം അരുവിത്തുറയുടെ സമീപപള്ളികളിൽനിന്നു പൊൻ-വെള്ളിക്കുരിശുകൾ പ്രദക്ഷിണത്തിനായി മലയിൽ എത്തിക്കുന്നു. ഫാ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ വികാരിയായിരിക്കുമ്പോഴാണ് ഈ തിരുനാളിന് ആരംഭം കുറിച്ചത്. കല്യാണം, മാമ്മോദീസാ തുടങ്ങിയ കൂദാശാകർമങ്ങൾക്കുള്ള സൗകര്യവും മലയിൽ ഒരുക്കിയിട്ടുണ്ട്.

അരുവിത്തുറപ്പള്ളിയുടെ വികാരിയായിരുന്ന ഫാ. തോമസ് ഓലിക്കലാണ് വല്യച്ചൻമലയുടെ ശില്പി. പതിനഞ്ചേക്കറിൽ വ്യാപിച്ചുകിടക്കുന്ന പ്രകൃതിമനോഹരമായ വല്യച്ചൻമല തീർഥാടകരുടെയും സഞ്ചാരികളുടെയും പ്രിയപ്പെട്ട ഭൂമിയാണിന്ന്. മലമുകളിൽ റോഡുമാർഗം എത്താനുള്ള സൗകര്യവും ഇപ്പോഴുണ്ട്. ■

തിരുനാൾ ആശംസകൾ









# അദ്ഭുതപ്രവർത്തകനായ അരുവിത്തുറ വല്യച്ചൻ



കേരളത്തിനകത്തും പുറത്തുമുള്ള നാനാജാതിമതസ്ഥരായ അനേകായിരങ്ങളുടെ മനസ്സിലെ അടിയുറച്ച പേരാണ് 'അരുവിത്തുറ വല്യച്ചൻ.' തലമുറകൾ തോളേറ്റിയ പെരുമ വിശുദ്ധനെ ഉന്നതസ്ഥാനീയനാക്കുന്നു. അരുവിത്തുറ വല്യച്ചൻ തങ്ങളെ സർവവിധ ആധികളിൽനിന്നും വ്യാധികളിൽനിന്നും സംരക്ഷിക്കുമെന്ന ഭക്തജനങ്ങളുടെ ദൃഢവിശ്വാസം അരുവിത്തുറപ്പള്ളിയുടെ കൽക്കെട്ടുപോലെ ഉറച്ച ഒന്നാണ്. അങ്ങനെ, തന്നെ ശരണംഗമിക്കുന്നവർക്ക് ആശ്വാസവും സംരക്ഷണവുമേകി അത്യുന്നത രക്തസാക്ഷിയായ വിശുദ്ധ ഗീവറുഗീസ് 'അരീത്ര വല്യച്ചൻ' എന്ന അപരാഭിധാനത്തിൽ അരുവിത്തുറയിൽ വാഴുന്നു.

അരുവിത്തുറപ്പള്ളിയുടെ ആരംഭത്തിൽ ദൈവാലയം പരിശുദ്ധദൈവമാതാവിനു സമർപ്പിക്കപ്പെട്ടതായിരുന്നുവെന്നാണു ചരിത്രം. ആദ്യകാല പള്ളിയുടെ മുഖവാരമധ്യത്തിലുള്ള രൂപത്തട്ടുകളിൽ മാതാവിന്റെ തിരുസ്വരൂപങ്ങളാണുണ്ടായിരുന്നത്. മുകളിൽ സ്വർഗാരോപിതയായ മാതാവും താഴെ ഉണ്ണിയേശുവിനെ കൈയിലേന്തിയ മാതാവും. ഈ പ്രഥമസമർപ്പണം പരിഗണിച്ചാണ് 1942 സെപ്റ്റംബർ എട്ടിന് മാതാവിന്റെ ജനനത്തിരുനാൾദിനം പുതിയ പള്ളിക്കു ശില പാകിയത്.

അരുവിത്തുറയിൽനിന്ന് ഏകദേശം അമ്പതുമൈൽ തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന നിലയ്ക്കൽപ്പള്ളി (ചായൽ) 14-ാം ശതകത്തിൽ ഫക്കീർ പോലിഗറിന്റെ പെരുംപറ്റ (വലിയ സൈന്യം) ത്താൽ തകർക്കപ്പെടുകയും അവിടെനിന്ന് അനേകം കുടുംബക്കാർ അരുവിത്തുറ(ഈരാപ്പെലി)യിലേക്കു കുടിയേറുകയും ചെയ്തു. ഇങ്ങനെ വന്നവർ അവരോടൊപ്പം വിശുദ്ധ ഗീവറുഗീസിന്റെ തിരുസ്വരൂപവും കൊണ്ടുവന്നുവെന്നാണ് പാരമ്പര്യ വിശ്വാസം.

പൗരസ്ത്യശില്പസമ്പ്രദായത്തിന്റെ ഉത്തമമാതൃകയാണ് അരുവിത്തുറ വല്യച്ചന്റെ തിരുസ്വരൂപം. പടച്ചട്ടയണിഞ്ഞ യുവാവായ ഒരു കുതിരപ്പടയാളിയുടെ രൂപത്തിൽ സാർവത്രികമായി കാണപ്പെടുന്ന വിശുദ്ധ ഗീവറുഗീസിന്റെ വിശുദ്ധരൂപത്തിൽനിന്നു വ്യത്യസ്തമായി, കുതിരപ്പുറത്തിരുന്നുകൊണ്ട് സർപ്പത്തിന്റെ വായിലേക്കു കുന്തം കുത്തിയിറക്കുന്ന മധ്യവയസ്കനായ ഒരു യോദ്ധാവിന്റെ രൂപമാണ് അരുവിത്തുറ വല്യച്ചനിൽ നാം ദർശിക്കുന്നത്. പതിമ്മൂന്നാം നൂറ്റാണ്ടിലോ അതിനുമപ്പുറമോ നിർമിക്കപ്പെട്ട, നൂറ്റാണ്ടുകളായി ഒളിമങ്ങാതെ നിലകൊള്ളുന്ന ഈ അദ്ഭുതരൂപത്തിനുമേൽ ഇന്നേവരെ പുതിയ നിറഭംഗികളൊന്നും ചാർത്തേണ്ടിവന്നിട്ടില്ലായെന്നതാണ് അതിലേറെ അദ്ഭുതകരമായിട്ടുള്ളത്.

ഈ തിരുസ്വരൂപം ഇവിടെ വന്നെത്തിയ കാലംമുതൽ ഈ നാട്ടിലെ ജനങ്ങൾ വിശുദ്ധനിൽ അചഞ്ചലമായ വിശ്വാസം അർപ്പിച്ചുപോരുന്നു. വിശുദ്ധനാകട്ടെ, തന്റെ സഹായം അപേക്ഷിക്കുന്നവരെ ഒരിക്കലും നിരാശപ്പെടുത്താതെ അളവറ്റ അനുഗ്രഹങ്ങൾ വാരിച്ചൊരിഞ്ഞുകൊണ്ടിരിക്കുകയും. ഒടുവിൽ വിശുദ്ധന്റെ മാധ്യസ്ഥ്യം മൂലം ലഭിച്ചുവന്ന അസംഖ്യങ്ങളായ അനുഗ്രഹങ്ങൾ കണക്കിലെടുത്ത് പതിനാറാം നൂറ്റാണ്ടിൽ പുതുക്കിപ്പണിത ദൈവാലയം അദ്ദേഹത്തിനു സമർപ്പിക്കപ്പെടുകയും പ്രധാന അൾത്താരയുടെ മുകളിലുള്ള മുഖ്യരൂപത്തട്ടിൽ വിശുദ്ധന്റെ രൂപം സ്ഥാപിക്കപ്പെടുകയും ചെയ്തു.

# പഴമയുടെ പ്രതീകങ്ങൾ

## മാതാവിന്റെ ഗ്രോട്ടോ

ലൂർദുമാതാവിന്റെ ഗ്രോട്ടോ പള്ളിയുടെ വടക്കുവശത്തായി 1954 ൽ റവ. ഫാ. ജോസഫ് താഴത്തേൽ പണികഴിപ്പിച്ചു. തടാകത്തിന്റെ മധ്യത്തിൽ മാതാവു നില്ക്കുംവിധമായിരുന്നു ഗ്രോട്ടോരൂപം. അൾത്താരബാലന്മാർ ഇവിടെ പ്രത്യേകപ്രാർഥനകൾ നടത്തിയിരുന്നു. പാരീഷ്ഹാൾ നിർമിക്കുവാൻവേണ്ടി ഗ്രോട്ടോ മാറ്റേണ്ടതായി വന്നു.


രണ്ടാമത്തെ ഗ്രോട്ടോ പള്ളിയുടെ തെക്കുവശത്തു സെമിത്തേരിയോടുചേർന്നു സ്ഥിതി ചെയ്യുന്നു. 2010 ൽ റവ. ഫാ. ജോസഫ് പാമ്പാറയുടെ കാലത്ത് സെലസ്റ്റിൻ വെട്ടിക്കലാണ് ഗ്രോട്ടോ പണികഴിപ്പിച്ചത്. ഗ്രോട്ടോയുടെ വെഞ്ചരിപ്പ് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

## നിത്യാരാധനചാപ്പൽ

2003 ൽ നിത്യാരാധനചാപ്പൽ പണിതീർത്തു. ചാപ്പലിന്റെ വെഞ്ചരിപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ഫാ. ജോൺ പൊതീട്ടേലിന്റെ കാലത്താണ് ചാപ്പൽ നിർമിച്ചത്. വൈദികമന്ദിരത്തോടുചേർന്ന് മൂന്നുനിലകളിലായി പണികഴിപ്പിച്ച കെട്ടിടത്തിൽ മൂന്നാം നിലയിലാണ് മനോഹരമായ ചാപ്പൽ. എല്ലാ ദിവസവും രാവിലെ ഏഴുമണിമുതൽ വിശുദ്ധ കുർബാന പരസ്യവണക്കത്തിനായി പ്രതിഷ്ഠിക്കുന്നു. ധാരാളം ആളുകൾ ചാപ്പലിൽ വന്ന് മണിക്കൂറുകളോളം പ്രാർഥനാനിരതരായി കഴിയുന്നു.

## പഞ്ചലോഹക്കുരിശ്

അരുവിത്തുറപ്പള്ളിയുടെ മുൻവശത്ത് പള്ളിഗ്രൗണ്ടിലേക്കുള്ള പ്രധാനകവാടത്തിൽ സ്ഥാപിച്ചിട്ടുള്ള പഞ്ചലോഹക്കുരിശ് അരുവിത്തുറയുടെ പാരമ്പര്യവും പ്രൗഢിയും വിളിച്ചോതുന്നതാണ്. കഴുന്നുനേർച്ച നടത്തുന്നവർ ഈ കുരിശിനു ചുറ്റുമായാണ് പ്രദക്ഷിണം വയ്ക്കുന്നത്. 80 പവൻസ്വർണം ഉപയോഗിച്ചു തീർത്തതാണ് പഞ്ചലോഹക്കുരിശ്. കൽക്കുരിശ് റോഡിനപ്പുറം പാർക്കിങ് ഗ്രൗണ്ടിൽ സ്ഥാപിച്ചിരിക്കുന്നു.



## വാദ്യപ്പുര

രണ്ടുനിലയിലുള്ള വാദ്യപ്പുര അതിന്റെ പഴമയിൽത്തന്നെ ഇവിടെ നിലനിറുത്തിയിരിക്കുന്നു. ജനങ്ങൾക്കു ചുറ്റുംനിന്ന് മേളം ആസ്വദിക്കത്തക്കവിധത്തിലാണ് ഇതിന്റെ നിർമിതി. ചെണ്ടമേളവും വാദ്യമേളങ്ങളുടെ മത്സരവും ഇവിടെ വച്ചു നടത്തിയിരുന്നു. വാദ്യപ്പുര പള്ളിയുടെ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു.


തിരുനാൾ ആശംസകൾ












# നയനാനന്ദകരമായ പ്രദക്ഷിണവഴികൾ

ഏപ്രിൽ 23, 24 (മേടം 10,11) തീയതികളിലാണ് പ്രസിദ്ധമായ അരുവിത്തുറ തിരുനാൾ ആഘോഷമായി കൊണ്ടാടുന്നത്. 23-ാം തീയതി രാവിലെ വിശുദ്ധകുർബാനയ്ക്കും പ്രത്യേക പ്രാർഥനകൾക്കുംശേഷം വിശുദ്ധന്റെ തിരുസ്വരൂപം സ്വർണമുടി, മാല, കാപ്പ്, കുന്തം തുടങ്ങിയ ചമയങ്ങൾ അണിയിച്ചു വികാരിയച്ചന്റെ നേതൃത്വത്തിൽ അൾത്താരയിൽനിന്നു ബാന്റുമേളങ്ങളുടെ അകമ്പടിയോടെ ഭക്തജനങ്ങളുടെ ദർശനത്തിനായി മോണ്ടളത്തിലെ പരമ്പരാഗതമായ രൂപക്കൂട്ടിൽ പ്രതിഷ്ഠിക്കുന്നു.

വൈകുന്നരം നാലുമണിക്ക് ആഘോഷമായ വിശുദ്ധകുർബാനയ്ക്കും പ്രാർഥനകൾക്കും ശേഷം ആറുമണിക്ക് ആഘോഷമായ പ്രദക്ഷിണം ആരംഭിക്കുന്നു. പന്ത്രണ്ടോളം പൊൻ-വെള്ളിക്കുരിശുകളും 1500 ലധികം മുത്തുക്കുടകളും ഇരുന്നൂറോളം പേരടങ്ങുന്ന ബാന്റ് - ചെണ്ടമേളങ്ങളും പ്രദക്ഷിണത്തിന് അകമ്പടി സേവിക്കുന്നു.

വിശുദ്ധന്റെ തിരുസ്വരൂപത്തിനു മുമ്പിലായി കത്തിച്ച തിരികളും ഇരുവശങ്ങളിലും മൂന്നുനിലകളുള്ള മുത്തുക്കുടകൾ, കോൽവിളക്ക്, ആലവട്ടം, വെഞ്ചാമരം, കൊമ്പുകുഴൽ വാദ്യങ്ങൾ എന്നിവയും, രൂപത്തിനു പിന്നിലായി വൈദികരും പ്രസുദേന്തിമാരും അണിനിരക്കുന്നു. ആലവട്ടം വീശിയിരുന്നത് പരമ്പരാഗതമായി അത്തിയാലിൽ കുടുംബക്കാരാണ്. ഇപ്പോൾ തോമസ് സെബാസ്റ്റ്യൻ അത്തിയാലിൽ അതിനു നേതൃത്വം നല്കുന്നു. ചെങ്ങഴശ്ശേരിൽ കുടുംബക്കാരാണ് വെഞ്ചാമരം വീശുന്നത്. കത്തിച്ച കോൽവിളക്ക് വല്യച്ചന്റെ രൂപത്തിനു മുമ്പിൽ പിടിക്കുന്ന പരമ്പരാഗതമായ ആചാരത്തിന് ഇന്നും മാറ്റമില്ല. ഇപ്പോൾ ചെറുവള്ളിൽ ജോൺസൻ ആണ് വിളക്കു പിടിക്കുന്നത്.

ഏപ്രിൽ 24 നാണു പ്രധാന തിരുനാൾ. അന്നേദിവസം രാവിലെ 5.30 മുതൽ വിശുദ്ധ കുർബാന ഉണ്ടായിരിക്കും. പത്തുമണിക്ക് ആഘോഷമായ തിരുനാൾ റാസ. തുടർന്ന് 12 മണിയോടെ പ്രദക്ഷിണം. എല്ലാ വിശുദ്ധരുടെയും രൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണമാണു നടത്തുക. ഏറ്റവും മുമ്പിൽ ചെണ്ടമേളം. അതിനു പിറകിലായി പൊൻ-വെള്ളി കുരിശുകൾ. തുടർന്നു ക്രമത്തിൽ ഉണ്ണിയേശു, കാവൽമാലാഖ, വി. മദർ തെരേസ, വി. എവുപ്രാസിയാമ്മ, വി. കുര്യാക്കോസ് ചാവറയച്ചൻ, വി. അൽഫോൻസാമ്മ, വി. തോമ്മാശ്ലീഹാ, വി. യൗസേപ്പിതാവ്, വി. സെബസ്റ്റ്യാനോസ്, പരിശുദ്ധ കന്യാമറിയം എന്നീ രൂപങ്ങളും ഏറ്റവും പിറകിലായി ഇടവകമധ്യസ്ഥനായ വിശുദ്ധ ഗീവർഗീസും നിലകൊള്ളുന്നു. രൂപങ്ങളുടെ മധ്യത്തിലായി വിവിധ സെറ്റുകാരുടെ ബാന്റുമേളങ്ങൾ. രൂപങ്ങൾക്ക് ഇരുവശങ്ങളിലുമായി മുത്തുക്കുടകൾ വഹിച്ചുകൊണ്ട് നിരയായി ആയിരക്കണക്കിനു ഭക്തജനങ്ങൾ. ഇന്നേദിവസം ഈ ദൈവാലയത്തിൽ വന്നു പ്രാർഥിക്കുന്ന വിശ്വാസികൾക്കു പൂർണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

2023 ലെ തിരുനാൾ കൊടിയേറ്റുദിവസമായ ഏപ്രിൽ 22-ാം തീയതി വൈകുന്നേരം ആറരയ്ക്ക് 101 പൊൻകുരിശുകളുടെ അകമ്പടിയോടെ ആരംഭിച്ച നഗരപ്രദക്ഷിണം തിരുനാളിന്റെ പ്രൗഢി പതിന്മടങ്ങായി വർധിപ്പിച്ചിട്ടുണ്ട്. ഈ വർഷവും അതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ദീപാലംകൃതമായ വീഥികളിലൂടെ മണിക്കൂറുകൾ നീളുന്ന പ്രദക്ഷിണം നയനാനന്ദകരമായ കാഴ്ചതന്നെ.



ഇടവകജനങ്ങളുടെ തിരുനാൾ ഏപ്രിൽ 25-ാം തീയതി ആഘോഷിക്കുന്നു. രാവിലെ മുതൽ വിശുദ്ധ കുർബാന ഉണ്ടായിരിക്കും. അരുവിത്തുറയുടെ സമീപപ്രദേശങ്ങളിൽനിന്നു മറ്റു സ്ഥലങ്ങളിലേക്കു കുടിയേറിയവരും ജോലിക്കാരും വിദേശികളുമായവർക്ക് ഒത്തുകൂടാനും സ്വന്തം വീടുകൾ സന്ദർശിക്കാനുമുള്ള ഒരവസരംകൂടിയാണ് അരുവിത്തുറ തിരുനാൾ.

ഇടവകത്തിരുനാൾദിനം വൈകുന്നേരം ഏഴുമണിയോടെ വലിയപള്ളിയിൽനിന്നു കാവൽമാലാഖയുടെ രൂപം ആനവാതിലിലൂടെ പ്രദക്ഷിണമായി വൈദികരുടെ നേതൃത്വത്തിൽ മോണ്ടളത്തിൽ കൊണ്ടുവരുന്നു. പ്രാർഥനകൾക്കുശേഷം വി. ഗീവർഗീസ് സഹദായുടെ രൂപം മോണ്ടളത്തിലെ രൂപക്കൂട്ടിൽ നിന്നും അൾത്താരയിൽ പുനഃപ്രതിഷ്ഠിക്കുന്നു.

തിരുനാളിനോടനുബന്ധിച്ച് ഏപ്രിൽ 15 മുതൽ മേയ് ഒന്നുവരെ എല്ലാ ദിവസവും രാവിലെ വിശുദ്ധകുർബാനയും നൊവേനയും നടത്തുന്നു. മേയ് ഒന്നിനാണ് എട്ടാമിടം. രാവിലെ മുതൽ തുടർച്ചയായി വിശുദ്ധകുർബാനയും നൊവേനയും ഉണ്ടായിരിക്കും. എട്ടാമിടത്തോടുകൂടി തിരുനാൾ സമാപിക്കുന്നു.

## വെള്ളിയാഴ്ചയാചരണവും നൊവേനയും

വിശുദ്ധ ഗീവറുഗീസ് സഹദായുടെ മരണദിനമായ വെള്ളിയാഴ്ചയിലെ നൊവേന അരുവിത്തുറപ്പള്ളിയിൽ ആരംഭിക്കുന്നത് 1963 ൽ ബഹുമാനപ്പെട്ട ഫാദർ തോമസ് മണക്കാട്ടച്ചനാണ്. ആദ്യവെള്ളിയാഴ്ചകളിൽ പള്ളിയിൽ തുടർച്ചയായ ദിവ്യബലിയും നൊവേനയും പ്രത്യേക മധ്യസ്ഥപ്രാർഥനകളും നടത്തിവരുന്നു. വെള്ളിയാഴ്ചക്കുർബാനയിലും നൊവേനയിലും സംബന്ധിക്കാൻ ആയിരക്കണക്കിനു ഭക്തജനങ്ങളാണെത്തുന്നത്. നേർച്ച കാഴ്ചകൾ അർപ്പിച്ച് അവർ ഹൃദയസമാധാനത്തോടെ വീട്ടിലേക്കു മടങ്ങുന്നു.

വെള്ളിയാഴ്ചകളിൽ കുമ്പസാരത്തിനുള്ള സൗകര്യം പാരീഷ്ഹാളിൽ ഒരുക്കിയിട്ടുണ്ട്. തിരുനാളിനൊരുക്കമായുള്ള വിശുദ്ധകുർബാനയും നൊവേനയും ഏപ്രിൽ 15-ാം തീയതി ആരംഭിക്കും.

ആദ്യകാലങ്ങളിൽ സെന്റ് ജോർജിന്റെ തിരുസ്വരൂപം പ്രത്യേകരൂപക്കൂട്ടിൽ അടച്ചാണുസൂക്ഷിച്ചിരുന്നത്. നട തുറന്നുള്ള കുർബാനസമയത്തു മാത്രമേ ഈ രൂപക്കൂട് തുറന്നിരുന്നുള്ളൂ.


തിരുനാൾ ആശംസകൾ









# അരുവിത്തുറയിലെ നേർച്ചകാഴ്ചകൾ

**ആ**ളുകൾ തങ്ങളെയും തങ്ങളുടെ മക്കളെയും തീരാവ്യാധികളിൽനിന്നും അപകടങ്ങളിൽനിന്നും കാട്ടുജന്തുക്കളുടെയും ഇഴജന്തുക്കളുടെയും ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി വല്യച്ചന് അടിമവയ്ക്കുന്നു. എല്ലാവർഷവും അടിമപ്പണം നേർച്ചയായി സമർപ്പിക്കുകയും ചെയ്യുന്നു.


അതുപോലെതന്നെ, വി. സെബസ്ത്യാനോസിന്റെ തിരുനാളിന് ജനുവരിയിൽ കഴുന്നുപ്രദക്ഷിണം ആഘോഷപൂർവം നടത്തുന്നു. ഇടവകയിലെ എല്ലാ വാർഡുകളിലെയും വാർഡ്മെമ്പർമാർ പള്ളിയിൽവന്ന് വൈദികരുടെ പക്കൽനിന്നു കഴുന്നു സ്വീകരിക്കുകയും തങ്ങളുടെ വാർഡുകളിലെ എല്ലാ ഭവനങ്ങളിലും ആഘോഷപൂർവം എത്തിക്കുകയും ചെയ്യുന്നു. ഉച്ചകഴിഞ്ഞുള്ള പ്രദക്ഷിണം നാലുദിക്കുകളിൽനിന്നും സംയുക്തമായി കഴുന്ന് പള്ളിയിൽ എത്തിക്കുകയും തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്നു.

ഗീവർഗീസ് സഹദായുടെ മാധ്യസ്ഥ്യംവഴി ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദിയായി തിരുനാൾ ദിവസം അവിടുത്തെ സന്നിധിയിൽനിന്നു കുരിശിനു ചുറ്റി മുട്ടിന്മേൽ നീന്തുന്നതാണു മറ്റൊരു നേർച്ച. ചിലർ തങ്ങളുടെ കുട്ടികളെ മുതുകിൽ ഇരുത്തി ഈ നേർച്ച നിറവേറ്റുന്നു.

വിഷസർപ്പങ്ങളുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷനേടുന്നതിനും വസന്തയിൽനിന്നും രോഗങ്ങളിൽനിന്നും തങ്ങളുടെ മൃഗങ്ങളെ രക്ഷിക്കുന്നതിനും വേണ്ടി കോഴികളെ നേർച്ചയായി പള്ളിയിൽ കൊടുക്കുന്ന പരമ്പരാഗതപതിവ് ഇപ്പോഴുമുണ്ട്. തിരുനാളിനോടനുബന്ധിച്ച് നൂറുകണക്കിനു കോഴികൾ നേർച്ച വരികയും ഇടവകത്തിരുനാളിന് അവയെ ലേലം ചെയ്യുകയുമാണു പതിവ്. ആട്, നാല്ക്കാലികൾ, മുയൽ, കുരുമുളക്, ഏലം എന്നിവയും നേർച്ചയായി ലഭിക്കുന്നു. തങ്ങളുടെ ആദ്യത്തെ കൃഷിഫലങ്ങളും പള്ളിയിൽ സമർപ്പിക്കുന്നു. കൂടാതെ, വിശുദ്ധന്റെ മുമ്പിൽ എണ്ണ ഒഴിക്കാനും തിരികത്തിക്കാനുമായി ധാരാളം ഭക്തജനങ്ങൾ നിത്യവും വന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ, സ്വർണത്തിലും വെള്ളിയിലും തീർത്ത ആൾരൂപങ്ങൾ, കണ്ണ്, കൈകാലുകൾ, പാമ്പ്, മൃഗങ്ങൾ, തൊട്ടിയും കുഞ്ഞും, വീട്, വാഹനങ്ങളുടെ രൂപം, കിണറും തൊട്ടിയും, ആൺ – പെൺ രൂപങ്ങൾ ഇവയെല്ലാം നേർച്ചയായി വല്യച്ചനു കാഴ്ച സമർപ്പിക്കുന്നു.

തിരുനാൾ ദിവസം ഏപ്രിൽ 25 ന് ഇടവകത്തിരുനാളിനോടനുബന്ധിച്ച് അരുവിത്തുറയുടെ ചുറ്റുമുള്ള സ്ഥലങ്ങളിൽനിന്നും ആനകളെ പള്ളിയിൽ കൊണ്ടുവരികയും വി. ഗീവർഗീസ് സഹദായുടെ മുമ്പിൽ മുട്ടുകുത്തി നേർച്ച ഇടീക്കുകയും ചെയ്യുന്നത് കൗതുകക്കാഴ്ചയാണ്. പള്ളിയിൽനിന്നു ശർക്കരയും തേങ്ങയും ആനയ്ക്കു കൊടുക്കുന്നു. ആനകളെ അടിമ വയ്ക്കാറുമുണ്ട്. ■

## 22 സ്വപ്നഭവനങ്ങളൊരുക്കി
# സഹദാ ഗാർഡൻസ്



**നാ**ട്ടിലെ നിർധനരായ 22 കുടുംബങ്ങൾക്കു വാസയോഗ്യമായ സ്വപ്നഭവനങ്ങൾ പണിതീർത്തത് അരുവിത്തുറ ഇടവകയുടെ കാരുണ്യമുഖമാണ്. വീടൊന്നിന് പത്തു ലക്ഷം രൂപ ചെലവഴിച്ചാണു നിർമാണം. സാധാരണഭവനപദ്ധതിയിൽനിന്നു വ്യത്യസ്തമായി വീടിനൊപ്പം 10 സെന്റ് സ്ഥലവും നൽകുന്നതാണ് അരുവിത്തുറപ്പള്ളിയുടെ സ്വപ്നപദ്ധതിയായ സഹദാ ഗാർഡൻസ്. 650 ചതുരശ്രയടി വിസ്തീർണമുള്ളതാണ് ഓരോ വീടും. അരുവിത്തുറപ്പള്ളി മുന്നോട്ടുവച്ച സാമൂഹിക, സാംസ്കാരിക, ആത്മീയ, ഭൗതികമുന്നേറ്റമായ സഹദാ കർമപരിപാടിയുടെ ഭാഗമായിട്ടാണ് ഭവനങ്ങൾ പൂർത്തിയായത്. 2023 ഒക്ടോബർ 14 ന് സ്നേഹഭവനങ്ങളുടെ വെഞ്ചരിപ്പുകർമം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

അരുവിത്തുറ പെരുന്നിലം ഭാഗത്ത് പള്ളി വാങ്ങിയ രണ്ടരയേക്കർ സ്ഥലത്താണ് വീടുകൾ നിർമിച്ചിരിക്കുന്നത്. എല്ലാ വീട്ടിലും വാഹനമെത്തും. വാഹനം വീടിനോടു ചേർന്നു പാർക്കു ചെയ്യാം. ശുദ്ധജലത്തിനായി കുളവും ഒത്തുകൂടുന്നതിനും കുട്ടികൾക്കു കളിക്കുന്നതിനുമായി പൊതുവായ മൈതാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വീട്ടുമുറ്റത്ത് പൂക്കളും പച്ചക്കറികളും കൃഷിചെയ്യാൻ സൗകര്യമുണ്ട്. 22 ഭവനങ്ങൾക്കു പുറമേ പത്തു ഭവനങ്ങളുടെ നിർമാണവും പദ്ധതിയിലുണ്ട്. പാലാ രൂപത ഹോം പ്രോജക്ടുമായി ചേർന്നാണ് വീടുകൾ ഒരുക്കിയിരിക്കുന്നത്.

അരുവിത്തുറപ്രദേശത്തെ സുമനസ്സുകൾ സംഭാവനയായി നൽകിയ ഒരു കോടി രൂപയും ബാക്കി ഇടവകയിൽനിന്നു നേരിട്ടും ചെലവഴിച്ച് ഏതാണ്ട് എട്ടുമാസംകൊണ്ടാണ് പദ്ധതി പൂർത്തിയായത്.

2019 ൽ വികാരി ഫാ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ഭവനസന്ദർശനത്തിനിടെ സ്വന്തമായി ഭവനമില്ലാത്തവരുടെ ദുരിതവും ദുഃഖവും നേരിട്ടുമനസ്സിലാക്കിയതിനെത്തുടർന്നാണ് സഹദാ ഗാർഡൻസ് എന്ന സ്വപ്നപദ്ധതിയുടെ ആശയം ഉയർന്നുവന്നത്.

## കൈക്കാരന്മാർ



കെ.എം. തോമസ് കുന്നയ്ക്കാട്ട്



ജോസ് സെബാസ്റ്റ്യൻ കരോട്ടുപുള്ളോലിൽ



പ്രിൻസ് തോമസ് പോർക്കാട്ടിൽ



തോമസ് ജോർജ് (ടോം) പെരുന്നിലത്ത്

## തിരുനാൾ ആശംസകൾ


Elite AGENCIES
സ്ഥാപിതം: 1976
T.B. ROAD, PALA
04822 293266, 9446303591



എല്ലാ കമ്പനികളുടെയും പവ്വർ മെഷീനുകൾ
3 Year Warranty
SINGER JACK USHA JUKI
Parts & Accessories... Sales & Service
എക്സ്ചേഞ്ച് മേള
Sewing Machine മോട്ടോറുകൾക്ക് പ്രത്യേക വിലക്കിഴിവ്
തയ്യൽ മെഷീനുകളുടെ രണ്ടു വർഷമുള്ള വാറന്റി രണ്ടര വർഷമാക്കിക്കൊടുക്കുന്നു.

VATTAMALA METAL CRUSHER



THOMSON INDUSTRIES
VATTAMALA, PALA
Off: 7558849944 7558849933
9447421198, 7558849922
Email: vattamalacrusher@gmail.com
M. Sand, P. Sand
40 mm, 32 mm, 20 mm, 6 mm metals
Crusher Sand, Dust, WMM, GSB, Filling Dust



KTS PRODUCTS
ഈ നാടിന്റെ ഉൽപ്പന്നം
Tasteit
ടേസ്റ്റിറ്റ്
ISO 9001-2015 Certified Company



അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...
Customer Care No.
04822-262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

The First NAAC Accredited College in Kerala with A++ for Seven Years following the Latest Benchmarks

First ISO 21001:2018 certified college in Kottayam District

Campus Placements to Banking & IT Sectors

Job oriented workshops, trainings & seminars

UGC Approved Certificate Courses

St.George's College Aruvithura

WISDOM LOVE SERVICE

Estd. 1965

A++ NAAC

ADMISSION 2024 - '25

**Major Programmes - Aided**

- B.A. (Honours) Economics
- B.A. (Honours) Political Science
- B.A. (Honours) English
- B.Sc. (Honours) Mathematics
- B.Sc. (Honours) Physics
- B.Sc. (Honours) Chemistry
- B.Sc. (Honours) Botany
- B.Com. (Honours) - Computer Applications
- B.C.A.
- M.Sc Physics
- M.Sc Chemistry
- Integrated M.A. English
- Ph.D in Chemistry
- Ph.D in Physics

**Major Programmes - Self Finance**

B.Com. (Honours) with Specialisations in

- Finance & Taxation (2 Batches)
- Computer Application
- Co-operation
- Office Management & Secreterial Practice
- B.A. (Honours) Mass Communication & Journalism
- B.Sc. (Honours) Food Science & Quality Control
- B. Voc. Food Technology & Analysis
- B.C.A.
- M.Sc Food Technology & Quality Assurance
- M.Com Finance

Admission Help Desk
9495749325
9447424310
04822 274220, 272220

www.sgcaruvithura.ac.in
principal@sgcaruvithura.ac.in



Aruvithura P.O., Kottayam, Kerala - 686122



തിരുനാൾ ആശംസകൾ!!! തിരുനാൾ ആശംസകൾ!!! തിരുനാൾ ആശംസകൾ!!!

സൗന്ദര്യ സങ്കൽപത്തിന്റെ നൂതനാവിഷ്കാരം....

+91 944 688 6007
+91 940 002 5757
+91 940 002 6767
+91 940 003 4767

Soul'f Beaut
Makeover Studio & Unisex Salon



PALA 940 002 5757
KOTTAYAM 940 002 6767
ERATTUPETTA 940 003 4767
www.soulfbeaut.com



9745607550

D VOGUE
FIT FOR EVERY MEN
MENSWEAR



PULICKAL ARCADE
Opposite : Union bank
near: food book Auditorium
CENTRAL JN ERATTUPETTA



Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)
ALPHONSA JYOTHI PROVINCE BHARANANGANAM
Provincial House, Aruvithura
Ph: 04822- 273417, Fax: 04822-275061
Email:bhmaruvithura@yahoo.co.in




**കൊ**ട്ടാരം ഉത്സാഹത്തിമിർപ്പിന്റെ പിടിയിലായി. ഷബാനിയുടെ കുട്ടി കൊട്ടാരത്തെ പിടിച്ചുലയ്ക്കുകയാണ്.

അമ്മയുടെയും വളർത്തമ്മയുടെയും മുലകുടിച്ച് അവരുടെ താരാട്ടുപാട്ടിൽ ചാഞ്ചാടി നെഹമിയ വളർന്നു. എസ്തേർരാജ്ഞിയാണ് ഷബാനിയുടെ കുഞ്ഞിന് ആ പേരിട്ടത്.

കൈകാലുകളിൽ നീന്തിത്തുടിച്ച് അവൻ അന്തഃപുരം കീഴടക്കി. തോഴിമാരും അടിമകളുമെല്ലാം കുഞ്ഞിന്റെ പിന്നാലെ കൂടുകയാണ്.

കുറച്ചങ്ങു നീന്തിക്കഴിഞ്ഞു ചമ്രംപടിഞ്ഞിരുന്നിട്ട് അവൻ പല്ലില്ലാത്ത മോണകാട്ടിച്ചിരിക്കും. ഏതോ ഭാഷയിൽ എല്ലാവരോടും കിന്നാരം പറയും.

തേനൊലിക്കുന്ന കുഞ്ഞുവായിൽ കൈകളിട്ടുചപ്പി ശബ്ദമുണ്ടാക്കും.

അവന്റെ കുസൃതികളും കളികളും കരച്ചിലുമെല്ലാം കാണാൻ ഷബാനിയെക്കാൾ കൂടുതലിഷ്ടം മഹാരാജ്ഞിക്കാണ്.

രാജ്ഞി അവനെ കൊഞ്ചിക്കുകയും ഇക്കിളികൂട്ടി ചിരിപ്പിക്കുകയും ചെയ്യും.

കുറച്ചുനേരമിരുന്നാൽ തീർച്ച അവൻ രാജ്ഞിയുടെ മടിയിൽ മൂത്രമൊഴിച്ചിരിക്കും.

അതുകണ്ട് എല്ലാവരും പൊട്ടിച്ചിരിക്കും. റാണിയും കൂട്ടത്തിൽക്കൂടും.

അയ്യോ എന്നും പറഞ്ഞ് അമ്പരപ്പോടെ ഷബാനിയോ തോഴിമാരോ വളർത്തമ്മമാരോ ഓടിയെത്തിയാൽ എസ്തേർ അവനെ രണ്ടുകക്ഷത്തിലും പിടിച്ചുയർത്തിക്കൊണ്ട് ഓമനിച്ചോമനിച്ചു ചോദിക്കും:

“അയ്യോടാ മോനേ, നിനക്കെന്റെ മടിയിലേ സാധിക്കാൻ പറ്റൂ അല്ലേടാ?”

അപ്പോഴേക്കും ആരെങ്കിലും വന്ന് കുഞ്ഞിനെ വാങ്ങും.

“നിന്നെ ഞാൻ കാണിച്ചു തരുന്നുണ്ടെടാ.”

കൃത്രിമഗൗരവം കാണിച്ചുകൊണ്ട് എസ്തേർ കുഞ്ഞിക്കവിളത്തൊന്നു നുള്ളും.

എന്നിട്ടേ വസ്ത്രം മാറാൻ പോവുകയുള്ളു.

അന്നും അതു സംഭവിച്ചു. രാജ്ഞി പതിവുപോലെ തോഴിമാരൊന്നിച്ച് വസ്ത്രാലയത്തിൽ കടന്നു. ആ നേരത്താണ് രാജ്ഞിയെ മുഖംകാണിക്കാൻ മൊർദെക്കായി എത്തിയ കാര്യം പറയാൻ ബിസ്താ എന്ന ഷണ്ഡൻ വന്നത്.

പ്രധാനപരിചാരകൻ ഹാഥാക്ക് ഉടനെ രാജ്ഞിയെ വിവരം അറിയിക്കാനായി തിടുക്കപ്പെട്ടോടി.

സന്ദർശകമുറിയിൽ കാത്തിരിക്കാൻ റാണിയുടെ കല്പനയുണ്ടായി.

അല്പനേരത്തിനുശേഷം രാജ്ഞിയെത്തി. അബ്ബയെ അഭിവാദ്യം ചെയ്തു.

ദാസീദാസന്മാർ ആരെയും അവിടെ നിറുത്തിയില്ല. പ്രധാനപ്പെട്ട എന്തോ കാര്യം അബ്ബയ്ക്കു പറയാനുണ്ടാവും എന്നു രാജ്ഞി മനസ്സിലാക്കി.

പക്ഷേ, മൊർദെക്കായ് ചോദിച്ചതിങ്ങനെയാണ്:

“എസ്തേർ നിനക്കു സുഖമല്ലേ?”

“അതേ അബ്ബാ.”

എസ്തേർ ചിരിച്ചു.

“എനിക്കും കൂട്ടുകാരിക്കും കുഞ്ഞിനുമെല്ലാം സുഖം. കൊച്ചു നെഹമിയായുടെ കുഞ്ഞുകുഞ്ഞു കുസൃതികൾ കണ്ട് നേരം പോകുന്നതറിയില്ല.”

അവൾ വാചാലയായി.

മൊർദെക്കായി അതെല്ലാം ശ്രദ്ധാപൂർവം കേട്ടു. എന്നിട്ടു പതിയെ ചോദിച്ചു:



“നമ്മൾമാത്രം സന്തോഷിച്ചാൽ മതിയോ?”

“എന്താണബ്ബാ?”

എസ്തേർ ആകാംക്ഷപൂണ്ടു.

അയാൾ തുടർന്നു:

“നിനക്കറിയാമല്ലോ. സമയം കടന്നുപോവുകയാണ്. ചങ്കിൽ തീയുമായി നടക്കുകയാണ് നമ്മുടെ ജനങ്ങൾ. പഴയ രാജശാസനമിപ്പോഴും സജീവമായി നിലനില്ക്കുന്നുണ്ട്.”

മൊർദെക്കായിയുടെ വാക്കുകൾ എസ്തേറിന്റെ മുഖത്തെ വെളിച്ചം കെടുത്തിക്കളഞ്ഞു.

‘‘ഞാനതു മറന്നിട്ടില്ല അബ്ബാ.”

മനസ്താപത്തോടെയുള്ള അവളുടെ മറുപടി.

“അത്ര നല്ല വാർത്തകളല്ല മോളേ കേൾക്കുന്നത്. ആ കരിനിയമത്തിന്റെ പകർപ്പ് രാജ്യമാകെ വിളംബരം ചെയ്തിട്ട് മൂന്നു മാസം കഴിഞ്ഞു. നടപ്പിലാക്കേണ്ടത് വരുന്ന ആദാർമാസം പതിമൂന്നാം തീയതിയാണെങ്കിലും പല പ്രവിശ്യകളിലും നമ്മുടെ ജനങ്ങൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. അധികാരികൾക്കും അക്കാര്യങ്ങൾ തടയാനാവുന്നില്ല. നിയമത്തിന്റെ സംരക്ഷ ശത്രുക്കൾക്കു ബലമാവുകയാണ്.”

എല്ലാംകേട്ട് എസ്തേർ ആലോചനയിലായി.

“സന്തോഷമെന്നതു വ്യക്തിപരമല്ല. നമ്മുടെ ചുറ്റുമുള്ളവർക്കും അതു ലഭിച്ചെങ്കിൽമാത്രമേ യഥാർഥസന്തോഷം അനുഭവിക്കാനാവൂ.

പേർഷ്യാമഹാരാജ്യത്തിൽ മഹാരാജാവിനുതാഴെ ലഭിക്കാവുന്നതിൽവച്ചേറ്റവും ഉയർന്ന പദവികളിലാണ് താനും അബ്ബയും. പക്ഷേ, പദവികൾ വെറും നോക്കുകുത്തികളായി നിലനിന്നിട്ടെന്തു കാര്യം?

കുറ്റവാളി മറഞ്ഞാലും കുറ്റകൃത്യത്തിനു മരണമില്ല. അതാണിപ്പോൾ യഹൂദജനത അനുഭവിക്കുന്നത്. സ്വജീവിതം മറ്റുള്ളവർക്കായി നല്കുന്നതിനെക്കാൾ വലിയ ത്യാഗമില്ല.

അഗാധമായ ഇരുട്ടിൽനിന്ന് ഉയർന്നുവന്ന വെളിച്ചംപോലെയാണ് ജീവിതം. അതിനെ മറയ്ക്കാൻ ചെറുകരിമേഘത്തുണ്ടിനും കഴിയും. പക്ഷേ, അതു ശാശ്വതമല്ല. അനുകൂലമായ ചെല്ലക്കാറ്റുമതി വെളിച്ചം വീണ്ടും കത്തിജ്വലിക്കാൻ.

ഇനിയും മറഞ്ഞിരിക്കാനാവില്ല.

സന്തോഷങ്ങളിൽമാത്രം അഭിരമിച്ചുകൊണ്ടിരിക്കാൻ എസ്തേറിനു കഴിയില്ല.

എസ്തേറിന്റെ മറുപടിയിൽ ആത്മവിശ്വാസത്തിന്റെ തികഞ്ഞ ഊർജം ത്രസിച്ചിരുന്നു.

“അബ്ബ സമാധാനമായിപ്പോകൂ. എല്ലാം ശരിയാവും.”

അന്ന് മണിയറയിൽ രാജാവുമായി സല്ലപിക്കുമ്പോൾ ഷബാനിയുടെ കുഞ്ഞിനെക്കുറിച്ച് എസ്തേർ സൂചിപ്പിച്ചു.

തന്റെ പ്രിയതമയുടെ ബാല്യകാലസുഹൃത്തായ ഷബാനിയെയും അവളുടെ കുഞ്ഞിനെയും അഹസ്വേരുസിനും വലിയ ഇഷ്ടമാണ്. രാജ്ഞിയുടെ ഹിതം അദ്ദേഹത്തിന്റേതുമായി.

അഹസ്വേരുസിന്റെ മാറിൽ ച്ചാരിയിരുന്ന് കൊഞ്ചുകയാണ് എസ്തേർ. അരുവികിലുങ്ങുന്നതുപോലെ അവൾ മൊഴിഞ്ഞു:

“ഒരു കുട്ടിക്കുറുമ്പനെ നമുക്കുംവേണ്ടേ?”

രാജാവ് വാത്സല്യത്തോടെ അവളുടെ കവിളിൽതലോടി.

“വേണം.”

ഒന്നുകൂടി ഹൃദയത്തോടു ചേർത്തുപിടിച്ചുകൊണ്ട് രാജാവ് എസ്തേറിലേക്കലിഞ്ഞു.

“നിന്നെപ്പോലെ അഴകുള്ള കുഞ്ഞ്.”

കവിളത്തേക്ക് ഇഴഞ്ഞുകയറിയ അവളുടെ അധരങ്ങൾ മന്ത്രിച്ചത് രാജാവിന്റെ ഹൃദയത്തിൽതൊട്ടു.

അങ്ങയെപ്പോലെ കരുത്തും ആരോഗ്യവും കഴിവുമുള്ള ഒരു കുഞ്ഞുരാജാവിനെയാണ് എനിക്കു വേണ്ടത്.

മുടിയിഴകളിൽ വിരലോടിച്ചുകൊണ്ട് രാജാവ് അവളുടെ അധരങ്ങളിലേക്കെത്തുകയാണ്.

അപ്പോൾ ഝടിതിയിൽ അവൾ മുഖം തിരിച്ചു തെന്നിമാറിക്കളഞ്ഞു.

അസഹനീയമായിരുന്നു അദ്ദേഹത്തിനത്.

തികഞ്ഞ മനോവിഷമത്തോടെ അദ്ദേഹമാരാഞ്ഞു:

“എന്തുപറ്റി പ്രിയേ?”

കണ്ണീരിൽക്കുതിർന്ന വാക്കുകൾ നനഞ്ഞുവീണു.

‘‘അങ്ങേക്ക് എന്നോട് യഥാർഥത്തിൽ ഇഷ്ടമുണ്ടോ?”

“നമ്മെ നീ ഇങ്ങനെ സങ്കടപ്പെടുത്തരുത്.”

രാജാവിന്റെ മറുപടിയിൽ ഹൃദയവേദന വിതുമ്പി.

‘‘അങ്ങല്ലല്ലോ ഞാനല്ലേ സങ്കടപ്പെടുന്നത്.”

രാജ്ഞി ഗദ്ഗദം പൂണ്ടു.

‘‘എന്താണങ്ങനെ എസ്തേർ?” കാര്യം വിശദമാക്കിക്കൂടേ നിനക്ക്?”

രാജാവ് അപേക്ഷിക്കുകയാണ്.

ഈ അവസരമാണ് അവൾ സൂക്ഷിച്ചുവച്ചിരുന്നത്. ഹാമാനുണ്ടാക്കിയ ആ നിയമത്തിന്റെ പ്രാബല്യവും ഇപ്പോൾ സ്വജനങ്ങൾ പീഡിപ്പിക്കപ്പെടുന്നതും അവൾ രാജാവിനെ ബോധിപ്പിച്ചു.

“സ്വന്തക്കാരുടെ നൊമ്പരങ്ങൾക്കു നടുവിൽ എനിക്കെങ്ങനെ സന്തോഷിക്കാനാവും പ്രഭോ?”

ചോദ്യം കുറിക്കുകൊണ്ടു. സമയവും സന്ദർഭവുമറിഞ്ഞ് എയ്ത അസ്ത്രമാണത്.

“എല്ലാം നമുക്കു പരിഹരിക്കാം.”

രാജാവു സാന്ത്വനപ്പെടുത്തി.

‘‘നിന്റെ സന്തോഷമാണ് നമ്മുടെ സന്തോഷം.”

രാജാവ് അവളുടെ കവിളത്തൊരു പ്രേമമുദ്ര ചാർത്തി.

ഒന്നിളകിത്തിളച്ചുകൊണ്ട് രാജ്ഞി രാജാവിന്റെ കാതിൽ മൊഴിഞ്ഞു:

‘‘എന്റെമാത്രം രാജാവാണങ്ങ്.”

വീഞ്ഞുപോലെ ലഹരിനുരയുന്ന വാക്കുകൾക്കുള്ളിൽ അഹസ്വേരുസ് മയങ്ങിവീണു. കുതിർന്നലിഞ്ഞു...

രണ്ടു ഹൃദയങ്ങളും ഒന്നാവുകയാണ്.

കിന്നാരങ്ങളുടെ വേലിയേറ്റത്തിൽ നീന്തിത്തുടിച്ച് രതിരസത്തിന്റെ സമുദ്രങ്ങളിലേക്കു തോണിതുഴഞ്ഞു.

ആകാശത്തിലെ നക്ഷത്രങ്ങളും കടലിലെ തിരകളും അവരെ താലോലിച്ചു.

പൂർണനിലാവിന്റെ തണുപ്പും ഉച്ചസൂര്യന്റെ ചൂടും അവർക്കു കൂട്ടായി.

ഇരുസമുദ്രങ്ങൾപോലെ പിൻവാങ്ങിനിന്നവർ ആവേശക്കാറ്റിന്റെ വേഗത്തിൽ ഒന്നിക്കുമ്പോൾ തീരങ്ങളും ഇടനാടും മലനാടും പ്രകമ്പനംകൊണ്ടു.

കാറും കോളുമകന്ന് എല്ലാം ശാന്തമായപ്പോൾ ഒരു മഹായുദ്ധത്തിന്റെ അവശേഷിപ്പുകൾപോലെ രണ്ടുപേരും മയങ്ങിക്കിടന്നു.

(തുടരും)

# ഒരു ആവേശത്തിന്റെ കഥ




വീയെൻ



സിനിമയുടെ ഷൂട്ടിങ് നടക്കുന്നു. ഫഹദ് ഫാസിലാണ് ചിത്രത്തിലെ നായകൻ. ലൊക്കേഷനിലെത്തിയ സുഹൃത്ത് സംവിധായകനോടു ചോദിക്കുന്നു.

"എവിടെ നായകൻ ഫഹദ് ഫാസിൽ?"

"ഫഹദിനെ അഴിച്ചുവിട്ടിരിക്കുകയാണ്" സംവിധായകന്റെ മറുപടി.

വിഷു റിലീസിൽ ഏറ്റവും മുമ്പന്തിയിലുള്ള, ഇതിനകം സൂപ്പർ ഹിറ്റിലേക്ക് ഓടിക്കൊണ്ടിരിക്കുന്ന ജിതു ദാമോദരൻ - ഫഹദ് ഫാസിൽ ടീമിന്റെ 'ആവേശം' എന്ന സിനിമയെക്കുറിച്ചുള്ള ചെറിയൊരു കഥയാണു മുകളിലെഴുതിയത്.

ശരിയാണ്, ഫഹദ് ഫാസിലിനെ ആവേശം എന്ന ചിത്രത്തിൽ അഴിച്ചുവിട്ടിരിക്കുകയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ കയറൂരിവിട്ടിരിക്കുകയാണ്.

നമുക്കറിയാം, ഒരു സിനിമാനടനെക്കുറിച്ചു ഭൂരിപക്ഷം പ്രേക്ഷകരും ക്ലിപ്തപ്പെടുത്തിവച്ചിരിക്കുന്ന പല ധാരണകളും തിരുത്തിയെഴുതിയിരിക്കുന്ന നടനാണ് ഫഹദ്. വിശദീകരണം ആവശ്യമുണ്ടെങ്കിൽ പറയാം, ഈ നടൻ മലയാളത്തിലെപോലും പല യുവനടന്മാരുടെയത്ര ആകാരഭംഗിയോ മുഖസൗന്ദര്യമോ ശബ്ദഗാംഭീര്യമോ ഉള്ള നടനല്ല. പൊക്കം കുറവ്, മുടികുറവ്. എന്നാൽ, മലയാളത്തിലെ മറ്റു പല നടന്മാരെക്കാളും, പ്രത്യേകിച്ച് യുവതലമുറയിലെ ഭൂരിപക്ഷം നടന്മാരെക്കാളും അഭിനയത്തിന്റെ കാര്യത്തിൽ ഫഹദ് ഉയരത്തിലാണ് താനും.

കഥാപാത്രം ഏതായാലും അതിനെ ആവാഹിച്ച് അവരായി മാറാനുള്ള ഫഹദിന്റെ അനിതര സാധാരണമായ അഭിനയശേഷിയാണ് മാമന്നൻ (തമിഴ്) പുഷ്പ (തെലുങ്ക്) തുടങ്ങിയ ചിത്രങ്ങളിൽ പരക്കെ കൈയടി നേടിയത്. അതായത്, മലയാളത്തിനും അപ്പുറത്തേക്ക് ഫഹദിന്റെ അഭിനയം പ്രശംസിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നുവെന്ന്. 'ആവേശ'ത്തിന് ആവേശമുണ്ടാക്കുന്നത് ഫഹദ് എന്ന നടനാണ്. അതുതന്നെയാണു ചിത്രത്തിന്റെ ഹൈലൈറ്റും. തനിക്കു കൃത്യമായി ചെയ്തുഫലിപ്പിക്കാൻ കഴിയുന്ന എക്സൻട്രിക്‌ഭാവങ്ങളും മാനറിസങ്ങളും കൃത്യമായ തോതിൽ ചേരുംപടി ചേർത്തഭിനയിക്കാൻ ഫഹദിനു സാധിച്ചു. മറ്റേതെങ്കിലും നടനായിരുന്നുവെങ്കിൽ തീർച്ചയായും പിഴച്ചുപോകുമായിരുന്ന കഥാപാത്രത്തെ എത്രയോ രസകരമായിട്ടാണ് ഫഹദ് അവതരിപ്പിച്ചിരിക്കുന്നത്.

കണ്ണും മുഖവുംമാത്രം അഭിനയിച്ചാൽ മതിയെന്നു ചിന്തിക്കാതെ ശരീരം മുഴുവൻ അഭിനയത്തിനായി വിട്ടുകൊടുത്തിരിക്കുന്ന നടനെയാണ് ആവേശത്തിൽ നമുക്കു കാണാൻ കഴിയുന്നത്. ഒരു ഗുണ്ടയുടെ ആകാരവും രൂപവും എങ്ങനെയായിരിക്കണമെന്ന പ്രേക്ഷകന്റെ പൊതുധാരണയെ തിരുത്തിയെഴുതുന്നതാണ് ഈ ചിത്രത്തിലെ രംഗൻ എന്ന കഥാപാത്രം. 'മഴ പെയ്യുമ്പോൾ കരയാനാണ് ഇഷ്ടം. കാരണം കരയുന്നത് ആരും കാണില്ലല്ലോ' എന്നു പറഞ്ഞത് ചാർലി ചാപ്ലിനാണ്. അതുപോലെ, കരയുന്നത് ആരും കാണാതിരിക്കാൻ കറുത്ത ഗ്ലാസ് വയ്ക്കുന്ന, അമ്മയെന്ന വികാരം ഉള്ളിൽ കൊണ്ടുനടക്കുന്ന, അമ്മയ്ക്കു കൊടുത്ത വാക്കു പാലിക്കാൻ ആരുടെയും മേൽ കൈവയ്ക്കാത്ത അത്യന്തം രസികനായ നായകൻ. ഒരു നോട്ടത്തിൽ അയാൾ ക്രൂരനെന്നു തോന്നിക്കുമെങ്കിലും അയാൾ അഭയംതേടിയെത്തുന്ന കുട്ടികൾക്ക് "എടാ മോനേ" എന്ന വിളിയിലൂടെ ഒരു സഹോദരനായിക്കൂടി മാറുകയാണ്. ആ സാഹോദര്യം പക്ഷേ മദ്യവും മദിരാക്ഷിയുംവരെ അവർക്ക് ഓഫർ ചെയ്തുകൊണ്ടാണ് എന്നതാണ് അതിലെ വൈരുധ്യം. പക്ഷേ, അത്രയ്ക്കൊരു ധാർമികനിലവാരമേ അയാൾക്കുള്ളൂ. എന്നാൽ, മദ്യപിക്കുകയും സിഗററ്റു വലിക്കുകയും ചെയ്താലും അപരിചിതയായ ഒരു സ്ത്രീയുടെയൊപ്പം അന്തിയുറങ്ങാൻമാത്രം ധാർമികാപഭ്രംശം സംഭവിച്ചവരല്ല ഈ ചെറുപ്പക്കാരെന്നതും ആശ്വാസമായിത്തോന്നി. സാധാരണസിനിമകളിൽ കണ്ടുവരുന്നത് അതിനു വിരുദ്ധമായ രീതിയാണല്ലോ. കുറെയൊക്കെ തങ്ങളുടെ സ്വാർഥലക്ഷ്യത്തിനുവേണ്ടി അയാൾക്കൊപ്പം ചേർന്നുനടക്കുന്നുണ്ടെങ്കിലും തങ്ങളെ പഠിപ്പിക്കാൻ വിട്ടിരിക്കുന്ന വീട്ടുകാരോടുള്ള കടപ്പാടിന്റെ ഓർമയിൽ അവർ രംഗന്റെ കൂട്ടുപേക്ഷിക്കുന്നതും തുടർന്നുനടക്കുന്ന സംഭവവികാസങ്ങളുമാണ് ചിത്രത്തിന്റെ ക്ലൈമാക്സ്.

ഇത്രയും എഴുതിയതുകൊണ്ട് ആവേശം ഒരു മികച്ച സിനിമയാണെന്നോ സകുടുംബം കാണാൻ കൊള്ളാവുന്ന ചിത്രമാണെന്നോ അർഥമാക്കരുത്. യുവജനങ്ങളെ ത്രില്ലടിപ്പിക്കുന്ന ഒരു ചിത്രം മാത്രമാണിത്. അതോടൊപ്പം, സിനിമയുടെ പുതിയ ട്രെൻഡിനൊപ്പമുള്ളതും. സിനിമയാണെങ്കിൽ നായകനും നായകനു പ്രണയിക്കാൻ ഒരു നായികയും വേണമെന്നതാണല്ലോ ഇതുവരെയുള്ള മലയാളസിനിമകളുടെയെല്ലാം വയ്പ്. എന്നാൽ, ആവേശത്തിൽ പേരിനുപോലും ഒരു നായികയില്ല. കാരണം അത്തരക്കാരനല്ല രംഗൻ. നായികയും പ്രണയഗാനവും ഐറ്റം ഡാൻസുമില്ലാതെ ഒരു ചിത്രമോ എന്നു നെറ്റിചുളിക്കുന്നവർക്കുള്ള മറുപടിയാണ് ആവേശം. കൃത്യമായ കഥാതന്തുവില്ല, കഥാവികാസമില്ല. ഒരുപാടു കഥാപാത്രങ്ങളില്ല. നടനാണെന്നു പറയാൻ ഫഹദിനെക്കൂടാതെ മൻസൂർ അലിഖാനും ആഷിക് വിദ്യാർഥിയുംമാത്രം. മറ്റുള്ളവരെല്ലാം പുതുമുഖങ്ങൾ. നടനോ നടിയോ വലുതോ പ്രമുഖരോ ആയ താരനിരയൊന്നും കൂടാതെതന്നെ സിനിമയെ മേക്കിങ് കൊണ്ട് ആകർഷകമാക്കാമെന്നതിനു തെളിവുകൂടിയാണ് ആവേശം. പുതിയ കാലത്തെ പരീക്ഷണസിനിമകൾക്കു പിന്തുടർച്ചയുണ്ടാകുന്ന സിനിമ.

ബാംഗ്ലൂരാണ് ഈ കഥയുടെ വേദി. ബാംഗ്ലൂർ ഇതിനു മുമ്പും പല സിനിമകൾക്കും വേദിയായി മാറിയിട്ടുണ്ട്. നമ്പർ വൺ സ്നേഹതീരം ബംഗ്ലൂർ നോർത്ത് എന്ന സത്യൻ അന്തിക്കാട് ചിത്രംമുതൽ ബാംഗ്ലൂർ ഡെയ്സ്, 22 ഫീമെയിൽ കോട്ടയം, രോമാഞ്ചംവരെയുള്ള ചിത്രങ്ങൾ. ബാംഗ്ലൂരിലെത്തുന്നതോടെ നമ്മുടെ കുട്ടികൾ വേറൊരു രീതിയിലേക്കു മാറുന്നുവെന്ന ആക്ഷേപം ഉണ്ടാക്കിയെടുത്തത് കോട്ടയംകാരിടെസ എന്ന നേഴ്സിന്റെ കഥ പറഞ്ഞ 22 ഫീമെയിൽ കോട്ടയം എന്ന സിനിമയാണ്. മലയാളിപ്പെൺകുട്ടികൾക്കെതിരെ മാത്രമല്ല, വിശിഷ്യ, കത്തോലിക്കാപെൺകുട്ടികളായ നേഴ്സിങ് വിദ്യാർഥികൾക്കും നേഴ്സുമാർക്കും എതിരെയായിരുന്നു പരോക്ഷമായ ആ ആക്രമണം. അതിന്റെ പേരിൽ അകാരണമായി മാനഹാനി അനുഭവിക്കേണ്ടിവരുകയോ അന്യായമായി പ്രതിക്കൂട്ടിലാകുകയോ ചെയ്തിട്ടുണ്ട് നമ്മുടെ പല പെൺകുട്ടികൾക്കും. അതെന്തായാലും, മെട്രോപ്പോലീത്തൻ കൾച്ചറിലേക്കു കടന്നുചെല്ലുന്നതോടെ നാട്ടിൻപുറത്തുകാരായ നമ്മുടെ കുട്ടികൾക്കു സ്ഥലജലഭ്രമം അനുഭവപ്പെടുകയും ആ കൾച്ചറിലേക്ക് അവർ ആകൃഷ്ടരാവുകയും ചെയ്യാൻ സാധ്യതയുണ്ട് എന്നതും സത്യമാണ്. എൻജിനീയറിങ്ങിനും മറ്റുമായി അന്യസംസ്ഥാനങ്ങളിലേക്കു പോകുന്ന വിദ്യാർഥികൾ ഏതൊക്കെ അവസ്ഥയിലായിരിക്കും ജീവിക്കുകയെന്ന ആധി മാതാപിതാക്കൾക്കു പകരാൻ ആവേശത്തിനു സാധിച്ചിട്ടുണ്ട്.

ഇതിനുമുമ്പും പലതവണ എഴുതിയിട്ടുള്ളത് ആവർത്തിക്കട്ടെ. പുതിയ സിനിമയ്ക്ക് പുതിയ കഥയോ വിശ്വസനീയമായ സംഭവവികാസങ്ങളോ വേണമെന്നില്ല. കഥയുടെ ബലഹീനതകളെ ബിജിഎം, മേക്കിങ്, അഭിനയം എന്നിവകൊണ്ട് കാലത്തിനൊപ്പിച്ചു മാറ്റിയെഴുതി ആകർഷകമായി അവതരിപ്പിച്ചാൽ സിനിമ ആസ്വാദ്യകരമാവും എന്നതാണ് പുതിയ ചലച്ചിത്രപ്രവർത്തകർ തെളിയിച്ചുകൊണ്ടിരിക്കുന്നത്. കുടുംബപ്രേക്ഷകരെക്കാൾ അവർ യുത്തിനെയാണ് ലക്ഷ്യം വച്ചിരിക്കുന്നതും. അതുകൊണ്ടാണ്, ഈ വർഷം ഫെബ്രുവരിമുതൽ പുറത്തിറങ്ങിയ പ്രേമലു, മഞ്ഞുമ്മൽ ബോയ്സ് എന്നിവയ്ക്കൊപ്പം ആവേശവും ഹിറ്റ്ചാർട്ടിൽ ഇടംപിടിച്ചിരിക്കുന്നത്.

■

SUMMER VACATION
CAMP-2024
INTEGRATED SPORTS COMPLEX
ST. THOMAS COLLEGE , PALA

നീന്തൽപരിശീലനം

പാലാ സെന്റ് തോമസ് കോളജ് കാമ്പസിലുള്ള സ്വിമ്മിംഗ് പൂൾ, ഇൻഡോർ സ്റ്റേഡിയം, കോളജ് ഗ്രൗണ്ട് തുടങ്ങിയവയിൽ പ്രഗല്ഭരായ പരിശീലകരുടെ നേതൃത്വത്തിൽ വേനലവധിക്കാലത്ത് (ഏപ്രിൽ–മേയ്) നീന്തൽ, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, ബാസ്കറ്റ് ബോൾ, ടെന്നീസ് ഇനങ്ങളിൽ പരിശീലനം നടത്തപ്പെടുന്നു. നീന്തൽപരിശീലനം എല്ലാ മാസങ്ങളിലും ഉണ്ടായിരിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം. പരിശീലനസമയം രാവിലെയും ഉച്ച കഴിഞ്ഞും.



കൂടുതൽ വിവരങ്ങൾക്ക്:
Mob: 9947966913, 6363187350

Deepanalam Weekly
RNI No : 16998/68
Vol. 57 No. 7 Date of Publication 18 April 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

OUR FOUNDER

Dr KC Baby
1945-2020

40 GLORIOUS YEARS IN EYE CARE
1984-2024

നേത്രചികിത്സാ രംഗത്ത്
പ്രകാശപൂർണ്ണമായ 40 വർഷങ്ങൾ

നിങ്ങളുടെ കണ്ണുകൾക്കായി
ഏറ്റവും മികച്ച സൗകര്യങ്ങൾ

AEH
LEAD KINDLY LIGHT
അൽഫോൻസാ
കണ്ണാശുപത്രി
CENTRES FOR TOTAL EYE CARE


കൊട്ടാരമറ്റം, പാലാ
Ph: 04822 212056, 9287212056


വിമല പബ്ലിക് സ്കൂളിനു സമീപം,
കാഞ്ഞിരമറ്റം ബൈപാസ് റോഡ്, തൊടുപുഴ
Ph: 04862 229228, 8547857662

സമ്പൂർണ്ണ നേത്ര പരിചരണം | സാമൂഹിക പ്രതിബദ്ധത | സേവന പാരമ്പര്യം

NABH ACCREDITED
EYE HOSPITALS

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org